# A NEW SLANT ON RELIGION

K. AHAMED ANWAR, II PD.

IN the December '64 issue of The Readers' Digest, Joy Lucy had in an article depicted how European youth had run amuck. They indulge in all sorts of misconduct: in looting, in plundering, in arson and even in activities of sabotage as if these were their favourite hobbies! Even though European countries are far advanced economically and even though they have no problems of food, shelter and clothing, yet they have this problem confronting them—the plight of their youth! Britain has her "beatles" and France and the Scandinavian countries have their "educated rogues" all of whom are the products of "eminent" varsities.

How can they be otherwise? They have no ideals in life and nobody to lead them. They look westword for direction and what they see is gross inequality under the name of Capitalism and "Free Trade". They look eastward and there they see human beings enslaved under the guise of communism. Another mysterious thing, "Socialism", is also there. In some countries black people suffer under the tyranny of their white bosses just because they were born black. In another, hundreds live a horrible life under the constant threat of air raids and bombings. Who else is there to show the youth the way?. There is no one to show them the "Straight Path"; to inspire them "to do what is right and to shun what is evil", and to admonish them. All our elders are engaged in petty squabbles over meaningless matters—they fight one another; they murder one another. The only alternative before us, we youths, is to conduct a thorough search-up ourselves to find out whether there is anything worth living for.

It is here that Religion steps in. Religion is the panacea for all our ills. Religion is the greatest Reformer and the only thing left which we can rely upon—which holds out a ray of hope in the darkness that surrounds us.

How exactly is then Religion able to cure all our ills? Wordsworth once exhorted men to "return to Nature". but the religionist adds: "Return to Nature and Nature's God". The whole ideology of Religion is built upon the solid foundations of the firm conviction that there is a Creator of this vast and beautiful universe; that He is Omniscient, Omnipotent and Omnipresent, Compassionate, Just, Merciful and so on; that He is "nearer to us than even our jugular vein" and that His love and mercy towards us, ordinary mortals, are "far greater than the tenderness of a mother bird to her young ones."

God is the Supreme Sovereign, whose authority we cannot run away from. Religion teaches that there is an ever-lasting and real life beyond this fleeting and ephemeral world and that we are to account for all our actions before Him. Religion asserts that no progress is possible without this belief and the doctrine of personal responsibility is stressed upon. Our God is not an idle bystander watching the "human game" but moulds all our destines. [This does not contradict the view that man is the master of his fate, for there is the doctrine of personal responsibility corresponding to this.] Every individual has a conscience reflecting His thought and besides, Religion asserts Godly men had always been sent down to deliver His message—poets, preachers, martyrs to the cause of truth and real men of action. A man who firmly believes in these things will not go astray; for if he knows that stealing, murder, hate, debauchery and exploitation are all against God's will, he will not do them. He will be careful to set his will in harmony with His will. He takes God's will as the standard of good. No extra force or law is required to set this sort of a man aright.

But Religion is the most misunderstood thing in the world. Only the so-called "custodians" of Religion are to blame for this. The selfish priests erected imaginary taboos in Religion which really teaches that Mankind is one and all men are equal. [We are asked to keep no distinction between God's men, the preachers of great religions. "We keep no distinction between any of His prophets."] They made Religion full of dogmas. In fact Religion tells us not to dissipate our energy in petty squabbles but "to vie with each other in the race to God and in righteous deeds."

True religious education should be imparted to students in every educational institution. Stress should be given to the fact that mere prayer does not constitute Religion, but it comprises of all our actions towards our fellow-beings and towards God. Prayer is only a small facet of Religion. As Tagore put it in the Geetanjali, "Why all this chanting and humming......God is there with the tiller..."

"God invites you to the Home of Security and leads you to a way that is Straight..." Won't you heed? "And hold fast, all together, by the Rope which God stretches out for you, and be not divided among yourselves;...... let there arise out of you a band of people inviting to all that is good, enjoining what is right, and forbidding what is wrong: They are the ones to attain felicity." (Quran III : 103, 104)

# BRAVO JAWANS

K. ARAVINDAN, II P. D.



DIWALI this year came with special significance. This Diwali was our finest in decades. This Diwali in truth was the day of victory of the noble over the evil. This year we celebrated the destruction of Ravana of the modern age—the evil hand of Pakistani aggression.

The war was raging at our frontiers. The enemy had entered our country, disregarding international laws.

This was the greatest affront to the Indian spirit, bred in and sustained by the teachings of Lord Buddha and later Gandhiji, who advocated non-violence and forbearance.

The enemy took India's peaceful and non violent attitude for cowardice. The enemy thought that we could not face them. Our Jawans proved that these calculations were wrong. They faced the enemy full of spirit and bravery. The result was that the enemy was demoralised. One day I read the speeches and writings of Gandhiji and I came to know how a wrong impression had been created about his doctrine and practice of non violence.

In one of his articles, "The Doctrine of the Sword", he had written:

"I do believe that where there is only a choice between cowardice and violence, I would advise violence...... Hence it was that I took part in the Boer war, the so called Zulu Rebellion and the World War".

"Hence also do I advocate training in arms for those who believe in the method of violence. I would rather have India resort to arms in order to defend her honour than that she should, in a cowardly manner, become or remain a helpless witness of her own dishonour".

So India fought bravely to punish the infiltrator and the aggressor.

Our Jawans have done a magnificent job in defending our freedom. We were proud of their achievements, confident of our just cause and the strength generated from it.

Otherwise what was the cause of the miracles our fighting forces performed? the sorry stories of Pattons and Sabre jets are a witness to this.

Our Jawans were maintaining peace in many places. For example, in the Congo. Now they are fighting for themselves, for ourselves, for our own soil; for the love and respect of mothers, sisters, brothers and other dear ones. We have proved to the world that a nation which loudly proclaims peace knows fully well how to protect peace.

Jawans! you are the pride of India, the bastions of our liberty. You have dealt a crushing blow to the enemy.

You have shown that we are not prepared to take aggression lying down. It has been proved that you were capable of taking the initiative in your hands and out-manoeuvring the enemy.

We, the citizens of India, wished success and expressed our gratitude to our brave fighting sons who sacrificed their lives for the freedom and integrity of 'Bharat Matha'.

Now a story comes to my memory. King Bimbisan had attacked the State of Vaishali, many times but every time his aggression was foiled before the united strength of this defending nation.

King Bimbisan was faithful to I
Buddha; so he sent his messengers to
Lord to ask how to gain a victory
Vaishali. Lord Buddha asked "Is t
unity among these people? Is t
personal freedom of speech? Are wo
respected there? Is there any bad bl
between them?

The messenger replied "Ther
unity among the people, there is no
blood, they have democracy w
people have full right to realise t
voice and women are well respe
there." Lord Buddha proclaimed "T
no body can defeat Vaishali".

What a close parallel ther
between Vaishali and India!!

Thus our country won victory
Pakistan. The enemy realised that
policy of non-violence and peac
co-existence was not a cover for cow
ice, but it was the supreme virtu
bravery. The words of Lord Bud
kept ringing in my ears......"Vais
cannot be defeated!" neither can In
Nobody can defeat India. We
win any war, whosoever the aggre
might be.

Now we can admire the ext
bravery of our victorious Jawans.
as a mark of our gratitude, our pri
you and the values you have fough
the whole nation gets up and sho
in a single voice;

# CO-OPERATION —

# ITS ECONOMIC AND SOCIAL ASPECT

C. SUBRAMANIAN, B. Com. III

IN a planned economy pledged to socialism and democracy, co-operation should become progressively the principal basis of organisation in the many branches of economic and social life. The co-operative sector of the economy of every country is assuming more and more importance, as its principles construe the advantages of the material and moral life of the community. Since the dawn of independence, co-operation has became an inseparable sector of our economy and its role, in a country like India, which has an under-developed economy and where the people are more or less economically and socially unorganised, is great.

When we think over the subject the first thing that comes into our mind is the credit aspect of the movement. In India co-operative movement has been essentially a credit movement from its very inception. In spite of the great diversification in the function of the credit societies they still predominate the movement in India. The economic effects of the credit movement in the agricultural field has been summed up by Henry Wolffe :—"co-operative credit has brought money to many a spot, thirsting for it generally in the right way. In many cases it has replaced insolvency by solvency already attained



or else in prospect. There are at any rate hundreds probably thousands who have by the aid of this helpful ally liberated themselves from the usurer's yoke………" The credit societies have not only broken the monopoly of the moneylender but also have been successful in reducing their exorbitant rates of interest.

Now, the social benefits which the credit aspect of the movement bestowed on the agricultural community are worth mentioning. Malcolm Darling

by stating "where co-operation rules, litigation and extravagance, drunkenness and gambling all are at a discount", gives us an account of the moral effect of the movement. Besides, the non-agricultural credit co-operation such as People's Bank of Bombay and Madras, Salary Earners' Societies, artisans' societies, shoemakers' societies (usually found in urban areas) have also played a paramount role in the economic and social upbringing of the urban community.

Then there is the consumers' co-operative movement which now includes wide range of activities leading to the satisfaction of the basic wants of all consumers. Under its wide scope comes not only the activities connected with distribution of great variety of commodities and services but also those connected with the production of goods needed for consumption. Prevalence of skyrocketing prices, profiteering and black marketing, and the consequent introduction of Government control over distribution, has cut a clear path for smooth development of consumers' stores in India. It plays a significant role in the economic and social development of the people. It brings about an equitable distribution of wealth, by declaring dividends to members on the basis of purchases made. Great emphasis is made on the production of goods for the satisfaction of human needs and not for profit making, as is the case with capitalist producers. It eliminates middlemen and other malpractices such as dishonest adve tisement and thus reduces the cost marketing. It avoids speculation, cla struggle between the employer and t employee and combination and mon polies found in capitalistic business.

Besides, this movement has be responsible for a peaceful revoluti in the social sphere also. It encourag thrift, self reliance and industry amo the members. It pours in them con dence and enthusiasm. It encourag the members to be the architects their own destiny. The movem eradicates the common feeling that State is to do everything for them a they alone are helpless and establis in its place that they should prov for themselves, without waiting the State. Competition is replaced co-operation and a feeling of broth hood. There are evidences to sh that consumers' co-operatives enga in educational activities also, prio the organisation of education u the State. The stores provided lib facilities, clubs, news halls and the

Of the several classes of soci marketing societies deserve sp attention. Co-operative sale soci are formed to ensure members of society a remunerative price an ready but permanent market, for produce. Marketing co-operative minate superflous middlemen wh at present ruthlessly exploiting producer. Since they are in close with the consumers as well a producers, they can direct the

o produce such articles as will suit the market. The small producers can be saved from the clutches of the local traders. The societies can even influence the price situation in the market. A successful marketing society, which commands large volume of business, can undertake activities such as transporting, assembling, storing, grading, packing, financing and so on at a lower cost.

The co-operative farming societies are expected to create a revolution itself on the agricultural front. The evils of subdivision and fragmentation of agricultural holdings can be done away with and the farmers will be assured of the economics of large scale production. It has been estimated that about 50 lakhs acres of land will be available for cultivation simply from the removal of existing boundaries. Co-operative supply of good seedlings, fertilisers and manures, good irrigation facilities, better utilisation of farm equipment, all will have their effect in increasing the agricultural production. Besides, members of a co-operative farming society are ensured of a higher standard of living, good medical care, improvement in the diet and more decent and sanitary living conditions. In fostering participation in art, literature and social progress, the system has finally helped to redress the most distressing evil of rural existence, the idiocy of village life.

In the present emergency, through which our country is passing, the importance of adequate food for the people can hardly be exaggerated. In this context the role which the co-operative forming societies has to play is very great. The recent statement by the Food Minister that agriculture should be organised on joint stock company basis requires rethinking, for it will surely hamper the progress of co-operative farming.

Another development in the co-operative movement is the service co-operation. It aims to fulfil the economic and social needs of the people. It undertakes a variety of functions. It provides credit facilities, arranges for the supply of farm requirements, house hold requirements, promotes the development of village industries, and even undertakes educative, advising and welfare work. Thus a service co-operative society embraces the whole economic, business and social life of village community.

Industrial co-operatives also known as producers' co-operatives are also of utmost significance expecially in a country like India which has an under-developed economy. Our cottage and small scale industries can be successfully organised on co-operative lines. This will impart to our scattered and unorganised cottage industries, an additional source of income, to an agriculturist, a new vigour and power. Co-operative sugar factories, weavers' societies, cotton ginning and pressing societies and the like form examples of producers' co-operatives.

Better living societies are formed for rooting out long rooted evils in society. These societies are organised for bringing about reformation and refinement in the habits of men who are the inhabitants of a locality or region. These societies are organised either in zonal areas, where the habits, customs and practices of the people are conservative because of illiteracy and poverty, or in industrial centres where, because of high concentration of people and because of the working conditions in the factory, the morality of the people is bound to be on the decline. The main objectives of these type of societies are: to improve the moral conditions of members; to provide educational assistance to the children of members, to check extravagance and instil in the members the habits of thrift; to discourage litigation and to encourage healthy recreation and physical improvements, and so on.

Housing co-operatives are developing, especially in great industrial centres to solve the problem of accommodation To provide adequate housing facilitie is rather a social than an economi problem. Through co-operative housin societies, the members are provide houses at comparatively lower cost tha they could get outside the society. A modern facilities are provided in suc houses. Cultural programmes, outdoo and indoor games are organised in suc quarters on important festivals. Thu it ensures the residents all the pleasure of a community life.

Thus co-operation, through i varied aspects sweeps the whole coa of economic, social and education activities of mankind. Thus a rapidl growing co-operative sector with sp cial emphasis on the needs of th peasant, the worker an the consu mer becomes a vital factor for soci stability, for expansion of employme opportunities and for rapid econom development. Co-operatior gives the social structure and nat:nal econ omy balance, direction, an sense values.

# ജി. ശങ്കരക്കുറുപ്പ്

## ജ്ഞാനപീഠസമ്മാനം നേടുന്ന മലയാളി

എ. കെ. എ. റഹിമാൻ, വലിയൊറ (II പി. ഡി. സി.)

**1965** ഡിസംബർ 29, കേരളചരിത്രത്തിൽ തങ്കലിപികരംകൊണ്ടു് രേഖപ്പെടുത്തേണ്ട ആ സുദിനം കേരളീയക്കു് വിസ്മ



രിക്കുക സാദ്ധ്യമല്ല ........ അന്നാണു് മലയാളിയായ മഹാകവി ജി. ശങ്കരക്കുറുപ്പിന്നു് സാഹിത്യത്തിന്നുള്ള ഏററവും ഉന്നതമായ ബഹുമതി—ജ്ഞാനപീഠം അവാർഡു്—ലഭിച്ചതു് ........ ആ ആഹ്ലാദവാർത്ത കേട്ടു് പുളകം കൊള്ളാത്ത ഭാരതീയനില്ല. കേട്ടവരെല്ലാം ഒരേ സ്വരത്തിൽ ആവർത്തിച്ചു. ''അർഹിക്കുന്നവനു് സമ്മാനം ലഭിച്ചു''വെന്നു്........അങ്ങിനെ 1920 മുതൽ 1955 വരെ ഇന്ത്യൻ ഭാഷകളിൽ രചിച്ച കൃതികളിൽവെച്ചു് ഏററവും ഉൽകൃഷ്ടമായ കൃതി 'ജി'യുടേതായി തിരഞ്ഞെടുത്തു്. 'ജി'യെ ജീവിച്ചിരിക്കുന്ന സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ അഗ്രഗണ്യനായും........

### അവാർഡു് നേടിക്കൊടുത്ത കൃതി

'ജി'യെ ഉജ്ജ്വലമായ സാഹിത്യതാരമായി മുദ്രകുത്താൻ സഹായിച്ചതു് അദ്ദേഹത്തിൻെറ കവിതാസംഗ്രഹമായ ''ഓടക്കുഴൽ'' എന്ന കൃതിയാണു്. 1950ൽ മാതൃഭൂമി പ്രസിദ്ധീകരിച്ച ഈ കൃതി 60 കവിതകളുടെ സംഗ്രഹമാണു്. 14 ഇന്ത്യൻ ഭാഷകളിൽവെച്ചേററവും നല്ല കൃതിയായി തിരഞ്ഞെടുത്ത ഓടക്കുഴൽ മലയാളസാഹിത്യത്തിനു് നേടിക്കൊടുത്ത പ്രശസ്തി അവർണ്ണനീയമാണു്. ഫൈനൽ സെലക്‌ഷനിലേക്കെത്തിയ കൃതികരം അഗ്നിവീണ, (ബങ്കാളി), മങ്കുതീഞ്ചനകർഗ്, (കണ്ണാടകം) വേയപാടകലു, (തെലുങ്കു്) ഓടക്കുഴൽ, (മലയാളം) ........എന്നിവയാണു്. അതിൽ നിന്നാണു് ഓടക്കുഴൽ സമ്മാനാർഹമായതു്. 'ഓടക്കുഴലി'ൻെറ സംഗീതമാധുരി ''ജ്ഞാനപീഠ''ത്തിൽ ഉപവിഷ്ടരായ വിധികർത്താക്കരം ഒന്നടങ്കം തലകുലുക്കി സമ്മതിച്ചിരിക്കയാണു്.

## കേരളസാഹിത്യ അക്കാദമിക്ക്
## ഒരു ചുട്ട പ്രഹരം

ഓരോഭാഷകളിൽനിന്നും ഏററവും ന ല്ലഗ്രന്ഥം സമപ്പിക്കാൻ പ്രത്യേക ഉപദേശ കബോർഡുകരം സ്ഥാപിച്ചിരുന്നു. അതി നുപുറമെ ഏററവും നല്ല ഗ്രന്ഥം സമപ്പിക്കു വാൻ എല്ലാ പ്രശസ്ത സാഹിത്യകാരന്മാരോ ടും സാഹിത്യസംഘടനകളോടും അഭ്യത്ഥി ച്ചിരുന്നു............എന്നാൽ നമ്മുടെ പുത്തേ ഴത്തു് രാമൻ മേനോൻെറ കീഴിലുള്ള കേര ളസാഹിത്യഅക്കാദമി ഇതിനു് കൊടുത്ത മറുപടി കേരളത്തിൽ അതിനു് യോജിച്ച മറുഗ്രന്ഥം ഇല്ലെന്നാണു്. എന്നിട്ടും ജ്ഞാന പീഠക്കാർ 'ജി'യെ ഇന്ത്യൻ മഹാകവി യായി പ്രഖ്യാപിച്ചു.

## 'ജി'യുടെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം

1901 ജനവരി 3-ാംനു- മദ്ധ്യകേരള ത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ ആണു് ജി. ശങ്കരക്കുറുപ്പു് ഭൂജാതനായതു്. കുട്ടി ക്കാലത്തു്തന്നെ സംസ്കൃതത്തിൽ വിദ്യാ ഭ്യാസം ആരംഭിച്ച അദ്ദേഹം 9-ാംതരം വരെ മാത്രമേ പഠിച്ചിട്ടുള്ളു.

പിന്നീടു് മലയാളം ഹയർ പരീക്ഷ യും പണ്ഡിററു് പരീക്ഷയും പാസ്സായി. 1921ൽ കൊച്ചി ഗവമ്മെണ്ടു് സവ്വീസിൽ മലയാളം പണ്ഡിററായി സേവനം ചെയ്തു. മഹാരാജാസ് കോളേജിലാണു് ഒടുവിൽ അദ്ദേഹം ജോലി ചെയ്തതു്. 1956ൽ സവ്വീ സിൽനിന്നും പിരിഞ്ഞു. കുറച്ചു് കൊല്ല ങ്ങരംക്കു് ശേഷം തിരുവനന്തപുരം റേഡി യോ നിലയത്തിൽ ചീഫ് പ്രഡ്യൂസറായി ജോലി നോക്കി.

ഉള്ളൂർ, വള്ളത്തോരം, ആശാൻ എന്നി വരുടെ കാലത്തു് അനന്യസാധാരണമായ വ്യക്തിത്തത്തോടെയായിരുന്നു ജി. വളന്നു വന്നതു്. വള്ളത്തോളിൻെറ കവിതയേക്കാ ളും ആശാൻെറയും ഉള്ളൂരിൻെറയും കവിത കളാണു് ജിയുടെ ഹൃദയത്തിൽ സ്വാധീനം ചെലുത്തിയതു്. എന്നിരുന്നാലും ഇതി നെയെല്ലാം പിന്നിലാക്കിക്കൊണ്ടു് സ്വ ന്തം വ്യക്തിത്വം അതിൽ മുന്നിട്ടു് നിന്നി രുന്നു. പ്രകൃതിദൃശ്യങ്ങളിൽ അലിഞ്ഞു് ചേന്ന അനന്തമായ സൗന്ദര്യങ്ങരം ഉരംക്കൊ ള്ളുന്നവയാണു് ''ജി''യുടെ കവിതകരം. പ്രകൃതി സൗന്ദര്യത്തിന്നു് പ്രാധാന്യം നല്കികൊണ്ടുള്ളതാണു് കവിതകളെല്ലാം തന്നെ. പുതിയ, പുതിയ ആശയങ്ങളാണു് ജിയുടെ കവിതകരം ഉരംക്കൊള്ളുന്നതു്. ജി യുടെ കവിത അതിൻേറതായ ഒരു കാല ഘട്ടത്തിൽ പുഷ്പിച്ചു. സുഗന്ധം പരത്തി വാടിപ്പോകുകയല്ല ചെയ്യുന്നതു് : അതു് ഈ പ്രപഞ്ചം നില നില്ക്കുന്നേടത്തോളംകാലം സൗരഭ്യം പരത്തി ജീവിക്കുകതന്നെ ചെ യ്യും. എപ്പോഴും ഉയന്ന ചിന്താമണ്ഡല ത്തിലേക്കു് ചിറകു് വിടത്തി നില്ക്കുന്നവ യാണു് അദ്ദേഹത്തിൻെറ കവിതകരം മുഴു വനും. ഓരോരുത്തനെയും തൻെറ വൈ ജ്ഞാനിക വികാസത്തിൻെറ പരമ കോ ടിയിൽചെന്നു് പ്രകൃതി സൗന്ദര്യം ആസ്വ ദിക്കുവാൻ തൻെറ കവിതയിലൂടെ അദ്ദേഹം പ്രചോദനം നല്കുന്നു. മനുഷ്യജീ വന പ്രപഞ്ച സൗന്ദര്യത്തിലേക്കു് കടത്തി വിടുകയാണു് 'ജി' തൻെറ കവിതയി ലൂടെ ചെയ്യുന്നതു്. സ്വന്തം ഗ്രാമത്തിലെ സൗന്ദര്യം വണ്ണിച്ചു. കവിതയിലൂടെ നമ്മെ പ്രപഞ്ചസൗന്ദര്യം ആസ്വദി പ്പിക്കുവാൻ പ്രചോദിപ്പിക്കുന്നവയാണ് അദ്ദേഹത്തിൻെറ കവിതകരം മുഴുവനും.....

അദ്ദേഹത്തിൻെറ കവിതകരം വായി ച്ചാൽ മടുപ്പുതോന്നാറില്ല. വീണ്ടും വീണ്ടും വായിക്കുവാനുള്ള ആഗ്രഹമാണു് നമു

ണ്ടാകുന്നതു്. പൂർവ്വസംസ്കാരവിരോധവും വിപ്ലവ പ്രസക്തിയും ഏറിനില്ക്കുന്നപുരോഗമികളെയും ഭീരുത്വവും ഭക്തിയും ഏറിനില്ക്കുന്ന യാഥാസ്ഥികരെയും ഒന്നിണക്കി കവിതയുണ്ടാക്കുവാൻ സാധിക്കുന്ന പ്രഗത്ഭശാലിയാണു് ജി. ശങ്കരക്കുറുപ്പ്....ദേശീയസമരാവേശവും വിപ്ലവവാഞ്ഛയും പ്രസരിപ്പിക്കുന്ന വരികളും അദ്ദേഹത്തിന്റെ കവിതകളിൽ ഇടക്കിടെ കാണാം. ജ്ഞാനപീഠം അവാർഡു്കിട്ടിയതോടെ അദ്ദേത്തിന്റെ കവിതകൾ പശ്ചിമഘട്ടത്തിന്റെയും അറബിക്കടലിന്റെയും ഇടുങ്ങിയ മേഖലയിൽനിന്നും ലോകസാഹിത്യമണ്ഡപത്തിലേക്കു് പറന്നുപോവുകയാണു്. മലയാളസാഹിത്യം എണ്ണപ്പെട്ട സാഹിത്യങ്ങളിലൊന്നായി ഗണിച്ചിരിക്കയാണു്. നോബൽസമ്മാനം കഴിഞ്ഞാൽ ലോകത്തിൽവെച്ചേററവും വിലകൂടിയ സമ്മാനം ജ്ഞാനപീഠം അവാർഡായിരിക്കും. 1944ൽ മി. ശാന്തിപ്രസാദ് ജേയിനാണ് ഭാരതീയ ജ്ഞാനപീഠം സ്ഥാപിച്ചതു്. 2 കൊല്ലം മുമ്പാണു് ഏററവും ഉൽകൃഷ്ടമായ കൃതി തിരഞ്ഞെടുക്കുവാൻ പരിപാടിയിട്ടതു്. മലയാളസാഹിത്യത്തിന്റെ പ്രശസ്തി വാനോളമെത്തിച്ച 'ജി' ഒരു മഹാകവി മാത്രമല്ല പ്രഗത്ഭനായ ഒരു പ്രാസംഗികൻകൂടിയാണ്. മലയാളസാഹിത്യത്തിന്റെ പ്രചാരത്തിന്നുവേണ്ടി അദ്ദേഹം ഭഗീരഥപ്രയത്നംതന്നെ ചെയ്തിട്ടുണ്ടു്. ........ടാഗൂറിന്റെ ''ഗീതാഞ്ജലി''യും കാളിദാസന്റെ ''മേഘദൂതും'' അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടു്........ഇപ്പോൾ 'ജി' കേരള സാഹിത്യ സമിതിയുടെ പ്രസിഡണ്ടും കേരളസാഹിത്യഅക്കാദമി മെമ്പറുമാണ്. അദ്ദേഹത്തിന്റെ വിജയത്തിൽ ഞാനദ്ദേഹത്തെ അനുമോദിക്കുന്നതോടൊപ്പം ഈ ലേഖനത്തിൽനിന്നും വിരമിക്കുന്നു.

'ജി'യുടെ കവിത വന്നാലും സാഹിത്യപീഠത്തിലിരുന്നാലും കൺകുളിരുന്നു കാണുമ്പോൾ അഭിമാനം ഊറുന്നു ഓർക്കുമ്പോൾ!

# ഹോക്കി 'ക്രൗൺ'

പി. എം. പാച്ചർ, ബി. എസ്‌സി. III

1964 ഒക്ടോബർ 23. കോമസാവാ ഒളിമ്പിക് പാക്കിൽ കടുത്ത ശൈത്യത്തെ മല്ലിട്ടു് തിങ്ങിക്കൂടിയ ആയിരക്കണക്കിൽ സ്പോർട്ട്സ്പ്രേമികളുടെയും റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും കളി കേൾക്കുകയും കാണുകയും ചെയ്തിരുന്ന ജനലക്ഷങ്ങളുടെ കണ്ണും കരളും കവൎന്നുകൊണ്ടു് ഇന്ത്യ 1960ൽ നഷ്ടപ്പെട്ട ഹോക്കി കിരീടം 1964ൽ വീണ്ടെടുത്തു. ഒരു രാജ്യത്തിന്നുമുണ്ടാകാത്ത ഒരു ചരിത്രമുണ്ടു് ഇന്ത്യൻഹോക്കിക്കു്. 1928ലെ ആംസ്റ്റർഡാം ഒളിമ്പ്യാഡ് മുതൽ പരാജയമെന്തെന്നറിയാതെ മുന്നേറിയ ഇന്ത്യൻഹോക്കിടീമിന്നു ഇതേ ടോക്യോവിൽവെച്ചാണു് മൂന്നാം ഏഷ്യൻ ഗെയിംസിന്നു് അന്താരാഷ്ട്രരംഗത്തു് പാകിസ്ഥാന്നുമുമ്പിൽ കിരീടമഴിക്കേണ്ടിവന്നതു്.

കാലചക്രം ഒന്നു തിരിഞ്ഞു. 1964 വന്നെത്തി. ഹോക്കികിരീടം വീണ്ടെടുക്കാൻ ഇന്ത്യയുടെ കുട്ടികൾ അഗാധം പ്രയത്നിച്ചുകൊണ്ടിരുന്നു.

സെൻറർഹാഫ്സ്ഥാനത്തു് കളിക്കുന്ന ഇന്ത്യയുടെ കേപ്റ്റൻ ചരൺജിത്ത് സിങ്ങ്—ഒരു എം. എസ്സ്. സിക്കാരനാണദ്ദേഹം—ടോക്യോവിൽ കണ്ണഞ്ചിക്കുന്ന ദർശനം നടത്തിയ ഒരു 33കാരനാണു്. മെൽബോണിൽ ഇന്ത്യയും പാകിസ്ഥാനും ഫൈനലിൽ ഏറ്റുമുട്ടി. എന്നാൽ അന്നു രൺധീറിന്റെ സ്റ്റിക്കിൽ നിന്നു വീണ ഗോൾ ഇന്ത്യക്കു് ഒരിക്കൽക്കൂടി സ്വൎണ്ണമെഡൽ നേടിക്കൊടുത്തു. പക്ഷെ റോമിൽ



ചരിത്രത്തിലാദ്യമായി ഒരു ഒളമ്പിക്ഹോക്കിമെഡൽ ഇന്ത്യക്കു് നഷ്ടപ്പെട്ടു. ഒരൊറ്റ ഗോളിന്നു്—പാകിസ്ഥാനോടു്.

അഞ്ചുതവണ ഇതേവരെ ഫൈനൽ കളിലേറ്റുമുട്ടിയ പാകിസ്ഥാനും ഇന്ത്യയും 1964 ഒക്ടോബർ 23ാം തിയ്യതി കോമസാവാപാക്കിൽ വീണ്ടും ഏറ്റുമുട്ടി. ഫൈനലായതുകൊണ്ടു് കോമസാവാസ്റ്റേഡിയം കാലത്തെതന്നെ ജനങ്ങളെക്കൊണ്ടു് നിറഞ്ഞിരുന്നു. ആർ ജയിക്കും? ആർ തോല്ക്കും? ആൎക്കും പ്രവചിക്കാൻ വയ്യ. റഫറിയുടെ നീണ്ട വിസിലോടുകൂടി കളി ആരംഭിച്ചു. രസകരമായ വിധത്തിലാണു് കളി ആരംഭിച്ചതു്. പക്ഷെ ആദ്യത്തെ 17 മിനുട്ടു്

നേരം പാക്കിസ്ഥാൻ അല്പം മുൻപന്തിയിലായിരുന്നു. അവർ തെരുതെരെ ഇന്ത്യൻ ഗോൾമുഖത്തെ ആക്രമിച്ചുകൊണ്ടിരുന്നു. നാലാമത്തെ മിനുട്ടിൽതന്നെ അവർക്ക് ഒരു ലോങ്ങ്കോർണർ കിട്ടി. പക്ഷെ ക്യാപ്റ്റൻ അത്തീഫിന്റെ കനത്ത അടി ഗോളി ലക്ഷ്മൺ രക്ഷപ്പെടുത്തി. അതിൽപിന്നെ ലെഫ്റ്റ്ഹാഫ് ഗുരുബക്ഷ്സിങ്ങിന്റെ നേതൃത്വത്തിൽ ഇന്ത്യ മുന്നേറാൻ തുടങ്ങി. രക്ഷാനിരയിലേക്ക് ഇറങ്ങി കളിക്കുക കാരണം ഇന്ത്യക്കെതിരായി പെനൽട്ടി കോർണറുകൾ ഉണ്ടായിക്കൊണ്ടിരുന്നു. ഇതു് ഇന്ത്യൻ അനുകൂലികൾക്ക് ആശങ്കയുളവാക്കാതിരുന്നില്ല. ഗോൾകീപ്പർ ലക്ഷ്മണിന്റെ മികവ് അതിരററതായിരുന്നു.

ചിലപ്പോൾ ഗ്രൗണ്ടിൽ അടി പിടിയും നടക്കാതിരുന്നില്ല. വൈസ് ക്യാപ്റ്റൻ അൻവാർ അഹമ്മദ്ഖാൻ ഇന്ത്യയുടെ സെൻറർ ഫോർവേഡ് ഹർബിന്ദർ സിങ്ങിന്റെ കാലിന്നു് സ്റ്റിക്ക്കൊണ്ടു് ഒരടി കൊടുത്തു. പകരം വീട്ടാൻ കാത്തിരുന്ന ഹർബിന്ദറിൽനിന്നു് ലെഫ്ററിൻ ആസാദിന്നാണു് അടി കിട്ടിയതു്. അമ്പയർ 4 മിനുട്ട് നേരം ഹർബിന്ദർസിങ്ങിനെ പുറത്താക്കി. അല്പം കഴിഞ്ഞു് റൈററ് ബാക്ക് മുനീർഭാറിന്നെതിരായി നല്കപ്പെട്ട ഒരു പെനൽട്ടി കോർണർ ഹരിപാലും ഹർബിന്ദറും ഗോളാക്കാൻ ശ്രമിക്കവെ ഇന്ത്യക്കെതിരെ വിസിൽ മുഴങ്ങി. പിന്നെ ഗോളിമാത്രം മുന്നിലിരിക്കെ ഹരിപാൽ ഒരു സുവർണ്ണാവസരം നഷ്ടപ്പെടുത്തി. അതിനിടക്ക് എല്ലാം അവസാനിച്ചെന്ന മട്ടിൽ ഗോളിപോലും സ്ഥാനത്തില്ലാതെ ഗോളിലേക്ക് പോകുകയായിരുന്ന പന്തു് ഗോൾ ലൈനിൽവെച്ച് പ്രഥിപാൽ അടിച്ചകററി.

22ാം മിനുട്ടിൽ മററൊരു കോർണറിൽനിന്നും ഇന്ത്യ രക്ഷപ്പെട്ടു. പകുതി സമയത്തിന്നു് അല്പം മുമ്പ് പ്രതിപാലും സെൻറർ ഫോർവേഡ് അഫ്സലും മൈതാന മദ്ധ്യത്തിൽ ഏററുമുട്ടി. പക്ഷെ കളി കാര്യമാവാതെ അവസാനിക്കാൻ അമ്പയർ ഇടപെടേണ്ടി വന്നു. തുല്യശക്തികൾ തമ്മിലുള്ള ഏററുമുട്ടലാണെന്നുള്ള പ്രവചനം സാക്ഷാത്കരിക്കുമാറ് ഒന്നാം പകുതി സ്കോറിങ്ങില്ലാതെ അവസാനിച്ചു.

രണ്ടാം പകുതിയുടെ ആറാമത്തെ മിനുട്ടിലാണു് ഇന്ത്യ വിധിനിർണ്ണായകമായ ഗോൾ 'സ്കോർ' ചെയ്തതു്. ലെഫ്ററ് ഹാഫ് ഗുരുബക്ഷ്സിങ്ങ് നീണ്ട ഒരടി ലെഫ്ററ് ഔട്ട് ദർശനു നല്കി. നേരെ ഗോൾ ലൈനിലേക്ക് തിരിച്ച ദർശനെ പാക്കിസ്ഥാൻ ഗോളി ഹാമിദ് തടഞ്ഞു. ഇന്ത്യക്കനുകൂലമായി ഒരു പെനൽട്ടി കോർണർ! കോർണർ 'കിക്ക്' വിദഗ്ധനായ പ്രഥിപാൽ ഗോളി ഹാമിദിനെയും കവച്ചുവെച്ച് പന്തു് ഗോളിലേക്ക് തിരിച്ചെങ്കിലും പാക്കിസ്ഥാന്റെ റൈററ് ബാക്ക് മുനീർദാർ അത് കാൽ കൊണ്ടു് തടുത്തു. ഇന്ത്യക്കനുകൂലമായി 'പെനൽട്ടി സ്ട്രോക്ക്' ഇന്ത്യൻ അനുകൂലികൾ ആർത്തു വിളിച്ചു.

പെനൽട്ടി സ്ട്രോക്കുകൾക്ക് പേരെടുത്ത റൈററ് ഹാഫ് മോഹീന്ദർലാൽ ദിഗന്തങ്ങൾ മുഴങ്ങുന്ന ശബ്ദകോലാഹലങ്ങൾക്കിടക്ക് ഗോളി ഹാമിദിന്റെ വലതുകൈക്കു മുകളിലൂടെ പന്തു് നെററിൽ എത്തിച്ചു. വെടിയുണ്ടകണക്കെയുള്ള ആ അടി കാണാൻകൂടി ഹാമിദിന്നു കഴിഞ്ഞിരുന്നില്ല.

കളിക്കു വേഗതകൂടി. പാക്കിസ്ഥാന്റെ പ്രത്യാക്രമണമാരംഭിച്ചു. ഇന്ത്യ

രക്ഷാനിരഭദ്രമാക്കി ലെഫ്ററ് ഔട്ട് മുതീഉല്ലവഴി അവർ ഏതവസരത്തിലും ഗോറം തിരിച്ചടിക്കുമെന്നു തോന്നി. പക്ഷെ മോഹീന്ദർതന്നെ എല്ലാം അവസാനിച്ചു. എന്ന ഘട്ടത്തിൽ രണ്ടു പ്രാവശ്യം ഗോറം ലൈനിൽനിന്നു് പന്തു് രക്ഷപ്പെടുത്തി. ഇന്ത്യൻ അനുകൂലികളെ സംബന്ധിച്ചിടത്തോളം സമയം നീങ്ങുന്നില്ലെന്നു തോന്നി. അവരുടെ സെൻറർ ഫോർവേഡ് (ഒരു ടീമിൻെറ നട്ടെല്ല്) അഫ്സലിനെ കുടിക്കിയിടാൻ ചരൺജിത് ഒരു കേപ്ററൻെറ കളി കളിച്ചു. അവസാന നിമിഷത്തിൽ പാക്കിസ്ഥാന്നു് ഒരു പെനൽട്ടി കോർണർ കിട്ടി. ലെഫ്ററ് ബാക്കും കേപ്ററനുമായ അത്തീഫിൻെറ ഊക്കനെടി ഗോളി തട്ടിയകററി, അതു കിട്ടിയതു് ലെഫ്ററ് ഔട്ട് ഖാലിദ് മഹമൂദിന്നാണു്. രണ്ടു കല്പിച്ച് അയാറം അത് ഒരിക്കൽകൂടി ഇന്ത്യൻ പോസ്റ്റിലേക്കു തിരിച്ചു. ഒരിക്കൽ കൂടി നമ്മുടെ വിശ്വസ്ഥനായ ഗോറം കീപ്പർ അജയ്യനായിത്തന്നെ കണ്ടു.

അങ്ങിനെ എല്ലാ ഇന്ത്യൻ അനുകൂലികളും അക്ഷമരായി ശ്വാസമടക്കിപ്പിടിച്ചിരിക്കേ റഫറിയുടെ നീണ്ടവിസിൽ ഇന്ത്യയെ ഒരിക്കൽകൂടി ലോകചാമ്പ്യന്മാരാക്കി. അങ്ങിനെ ടോക്യോവിൽവെച്ച് ഇന്ത്യക്ക് കിട്ടിയ ഏക മെഡൽ ഹോക്കി മെഡൽ ആയിരുന്നു. 1968ൽ മെക്സിക്കോയിൽവെച്ച് അടുത്ത ഒളമ്പിക്കിന്നു് സ്വർണ്ണമെഡൽ നേടേണമെങ്കിൽ ഇന്ത്യൻഹോക്കി ഇനിയും പുരോഗമിക്കേണ്ടിയിരിക്കുന്നു.

# IS THE UNIVERSE EXPANDING?

K. P. MOHAMED, III B. Sc.

IN the early days of this century, astronomers had arrived at a fairly stable picture of the universe. Accord-



ing to them, the Universe is populated by myriads of galaxies which consist of millons of stars. The distances between the stars in each galaxy are incredibly enormous. We should depend on the velocity of light to serve as a yardstick, of such distances.

It was thought that these galaxies are fixed entities, though they differ from one another in many ways. But the modern ideà is that these galaxies are racing away from one another at enormous speeds and the Universe is undergoing a process of expansion. This idea is proved by means of the Dopplor Effect, the technique that had been used to demonstrate the motion of planetary bodies towards or away from an observer on Earth. In the case of the luminous bodies, this is proved by means of the spectroscopic measurement.

Thus, while the nearby galaxies are moving at a comparatively slow rate, the really distant galaxies are moving away from us at incredible velocities. This does not mean that our galaxy is still. The truth is that every galaxy is moving away from every other galaxy at the same rate of speed.

One way to understand this phenomenon is to imagine a balloon covered with small spots. If someone were to blow the balloon, the spots will move away from one another at a uniform rate of speed. If we were sitting on one of those spots, it would seem to us that the spots close to us were moving off slowly, while the spots farther away were moving off much faster. In this case, the spot is also expanding. But in the case of the galany, it is not expanding. It is the space between the galaxies that is expanding.

This analogy may again mislead us to think that the universe has a limit

just like a balloon. But there is no such limit on the universe. "Curiously enough, the picture of the expanding universe does imply that there is a definite limit to the amount of the universe we will ever be able to observe". This is hard to swallow; yet it has to follw, if the universe is indeed expanding.

We have already seen that the galaxies are moving faster and faster, as they go farther and farther from each other. If this is true, there must be a point just the right distance away from us, at which the galaxies are retreating at the velocity of light. Thus the light leaving those galaxies will never reach us and we could never see it; no matter how powerful our telescopes might be. We would simply encounter a black wall of lightlessness.

Now, a question arises. What is the Universe expanding from? Two fundamentally opposing theories are there to answer this question. One is called the "Big Bang" theory and the other, the "something from nothing theory". Both of these theories have one basic premise in common: the assumption that at some point in time, at some place in our Universe, "som thing arose out of nothing!"

And within the frame work either theory, there is an allowance the formation of stars and solar syster any one of which may develop t necessary conditions for the appearan of life at any time.

Nevertheless, these theories do n prove that other solar systems ex But in recent years other convinci evidences have appeared to indic that they do.

It is possible that other so systems are also the repositories intelligent life. Now, one may ask w none of them have ever come to cont us. Surely some of those creatures m be exploring our solar system a Sometimes these creatures may visiting our planet at an interval thousands of years. If so, the last v might have occurred before the beg ning of recorded history. And it m well be that the next such visitat would find a planet inexplicably scar and burned-out, without trace of l but with signs that might reveal another intelligence the unfortun story of a race that had arisen and then vanished!

# കേരളത്തിലെ ഭക്ഷ്യപ്രശ്നങ്ങൾ

**സി. ദേവദാസൻ,** ബി. എസ്സ്സി. III



ഭക്ഷ്യകാര്യത്തിൽ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്നുള്ള കമ്മി കുപ്രസിദ്ധമാണ്. ഇന്ത്യയിൽവെച്ചേററവും ജനസംഖ്യ കേരളത്തിലാണ്. ഒരുവശത്തു് പെരുകിവരുന്ന ജനസംഖ്യയുടെ വളൎന്നുവരുന്ന ആഹാരതോത്തും മറുവശത്തു് ഭക്ഷ്യോല്പാദനവൎദ്ധനവും തമ്മിൽ നടക്കുന്ന മത്സരമാണ് നാം ഇന്നു് കാണുന്നതു്. ഈ മത്സരത്തിൽ നാം വിജയിക്കണമെങ്കിൽ കഴിവുള്ള എല്ലാ പരിശ്രമങ്ങളും ഭക്ഷ്യോല്പാദനത്തിൽ കേന്ദ്രീകരിച്ചേ മതിയാവൂ. കോടിക്കണക്കിന്നു് ജനങ്ങളുടെ ഏററവും പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യം—വിശപ്പടക്കാനുള്ള ഭക്ഷണത്തെ സംബന്ധിച്ചേടത്തോളം സ്വയം പര്യാപ്തത നേടുക എന്ന ഒരു ഭീമമായ വെല്ലുവിളിയെയാണ് രാഷ്ട്രത്തിന്നു് നേരിടേണ്ടിവന്നിട്ടുള്ളതു്.

ഭക്ഷ്യപ്രശ്നത്തിൽ ദിവസേന ജാഗ്രൂകതയൎഹിക്കുന്ന കാര്യങ്ങൾ പലതുമുണ്ടു്. ഉല്പാദകനോടും ഉപഭോക്താവിനോടും നീതി കാണിക്കുന്ന ഒരു നിലവാരമുറപ്പിക്കുക, പൂഴ്ത്തിവെപ്പുകാരെ തടയുക, സംഭരണംചെയ്തു് സൂക്ഷിച്ചുവെച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്റ്റോക്കുകൾ കേടുവരുന്നതു് തടയുക എന്നിങ്ങനെ പലതും. വളരെ തുച്ഛമായ വരുമാനം ലഭിക്കുന്ന കുടുംബങ്ങൾക്കു് അവരുടെ വരുമാനത്തിൽ വലിയൊരു ഭാഗം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന്നു് ചെലവഴിക്കേണ്ടിവരുന്ന നമ്മുടേതുപോലെയുള്ള ഒരു സമ്പദ്‌വ്യവസ്ഥയിൽ ഭക്ഷ്യധാന്യങ്ങളുടെ വില ന്യായമായ ഒരു നിലവാരത്തിൽ ഉറപ്പിക്കേണ്ടതു് അടിയന്തരമായ ഒരാവശ്യമാണ്.

മൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നു് ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചേടത്തോളം സ്വയം പര്യാപ്തത നേടുക എന്നതായിരുന്നു. കേരളത്തിൽ ഭക്ഷ്യോല്പാദനം വൎദ്ധിപ്പിക്കുവാൻ ഏററവും പ്രധാനമായ രണ്ടു് പോംവഴികളുണ്ടു്. കൃഷിഭൂമിയുടെ വിസ്തൃതി വൎദ്ധിപ്പിക്കുകയും നിലവിലുള്ള ഭൂമികളിൽ കൂട്ടുകൃഷി നടത്തുകയും. കൂടാതെ ഇപ്പോഴുള്ള നിലങ്ങളിൽ ഊൎജ്ജിതമായ കടുംകൃഷി നടത്തുകയാണ് മറെറാരു മാൎഗ്ഗം. നല്ലയിനം വിത്തുകൾ, കൂടുതൽ ജലസേചനം, ആധുനികരീതിയിലുള്ള ഉഴവുപണി, ധാരാളം

വളംചേക്കൽ, രോഗബാധിതയിൽനിന്നു് ചെടികളെ രക്ഷിക്കുവാൻ കീടനാശിനികരം ഉപയോഗിക്കൽ — ഇത്രയും ഇനങ്ങളുടെ സംയോജംകൊണ്ടു് മാത്രമെ നല്ല വിളകൊയ്തെടുക്കുവാൻ കഴിയുകയുള്ളൂ.

ഇന്ത്യയിൽവെച്ചേററവും ചെറിയ സംസ്ഥാനമാണു് കേരളം. പ്രസ്തുത കാരണത്താൽ കേരളത്തിലെ കൃഷിഭൂമിയുടെ വിസ്താരവും കറവാണു്. പക്ഷെ ഈ ചെറിയ ഭൂപരിധിക്കുള്ളിൽ ഏററവും വൈവിദ്ധ്യം നിറഞ്ഞവയാണു് കേരളത്തിലെ കൃഷിനിലങ്ങളും കൃഷിസമ്പ്രദായങ്ങളും. ധനപരമായ ലാഭനഷ്ടങ്ങരം ചിന്തിക്കാതെ എന്തു വന്നാലും നെൽകൃഷി മാത്രമെ നടത്തു എന്ന വാശി നാം ആദ്യമായി ഉപേക്ഷിക്കണം. സ്വാധീനത്തിലുള്ള എല്ലാ കഴിവുകളും ഉപയോഗിച്ചു് നല്ല ആദായം കിട്ടുന്ന മററു ഭക്ഷ്യധാന്യങ്ങളും ഉല്പാദിപ്പിക്കുവാൻ നാം പരമാവധി ശ്രമിക്കണം. അങ്ങിനെ ശ്രമിക്കുകയാണെങ്കിൽ കൃഷിക്കാരൻെറ വരുമാനം വദ്ധിക്കുക മാത്രമല്ല, വിദേശത്തു്നിന്നും ഇറക്കമതി ചെയ്യുന്ന ഭക്ഷ്യധാന്യങ്ങരംക്കു് വിലകൊടുക്കുവാനുള്ള വിദേശവിനിമയനാണ്യം ഗവമ്മേണ്ടിന്നു് ലാഭിക്കാൻ കൂടികഴിയും.

ഭക്ഷ്യോല്പാദനസ്വയം സമ്പൂണ്ണതയുടെ ഏററവും ആവശ്യമായ ഒരു ഘടകമാണു് ജലസേചനം. കേരളത്തിൽ ചില കാലങ്ങളിൽ മാത്രമെ മഴപെയ്യുന്നുള്ളു. മഴയുള്ള സമയങ്ങളിൽ അതികഠിനമായ മഴനിമിത്തവും, ചില മാസങ്ങളിൽ തീരെ മഴ ഇല്ലാത്തതും കൃഷിയുടെ പുരോഗതിക്കു് അനുകൂലമല്ല. കൂടുതൽ ജലസേചനപദ്ധതികരം ആവിഷ്കരിക്കുകയാണെങ്കിൽ പ്രകൃതിയുടെ ഈ വികൃതിയിൽനിന്നും കൃഷിക്കാരന്നു് അല്പം ആശ്വാസം ലഭിക്കും. ജലസേചനത്തെപ്പോലെ പ്രധാന്യമുള്ളതാണു് കടലിൽനിന്നു് ഉപ്പു്വെള്ളം കൃഷിഭൂമിയിൽ എത്തുന്നതു് തടയുവാൻ വേണ്ട കരുതൽനടപടികരം എടുക്കേണ്ടതു്.

വദ്ധിച്ചതോതിലുള്ള ജലസേചനങ്ങരംക്കനുസരിച്ചു് ധാരാളം വളങ്ങരം ചേക്കുവാൻ ഓരോ കൃഷിക്കാരനും മുന്നോട്ടു വരണം. രാസവളങ്ങളിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുകയാണെങ്കിൽ ഉല്പാദനതോതു് കൂടുതൽ വദ്ധിക്കും. രാസവളത്തിൻെറ ഉല്പാദനം വദ്ധിപ്പിക്കാനുള്ള അനേകം നടപടികളിൽ ഒന്നുമാത്രമാണു്. ശാസ്ത്രീയമായ വളം ചേക്കലിൻെറയും മററു ആധുനിക കൃഷിസമ്പ്രദായങ്ങളുടേയും സംയുക്തഫലമായി ഏക്കർ ഒന്നിന്നു് 11000 റാത്തൽ നെല്ലു് കേരളത്തിൽനിന്നു് ഈയിടെ ലഭിക്കുകയുണ്ടായിട്ടുണ്ടു്.

ഓരോരുത്തരുടേയും തൊഴിലുകരം അവരവരുടെ ജീവിതത്തിനു് പ്രയോജനപ്പെടുന്നതോടൊപ്പം മററുള്ളവരുടെ നന്മക്കു് ഉതകണം. കൃഷി-ഒരു ജീവിതവൃത്തിയും അതോടൊപ്പം ഒരു പൊതുസേവനവുമാണു്. കൂടുതൽ വിളവുകരം ഉല്പാദിപ്പിക്കുന്നതു്മൂഖേന തനിക്കു് ആദായം ഉണ്ടാക്കുക മാത്രമല്ല കഷ്കർ ചെയ്യുന്നതു്. രാജ്യത്തിൻെറ ഭക്ഷ്യപ്രശ്നം പരിഹരിക്കുകയെന്ന സ്തുത്യഹ്മായ ഒരു സേവനംകൂടി നിവ്വഹിക്കുന്നു.

ജീവിതമാഗ്ഗം എന്ന നിലയിൽപെടുന്ന കൃഷികളെപ്പററിയാണു് ഇതുവരെ പ്രതിപാദിച്ചതു്. വീട്ടാവശ്യത്തിന്നുള്ള മലക്കറികളും മററു പഴവഗ്ഗങ്ങളും കൃഷിചെയ്തുണ്ടാക്കാനുള്ള സ്ഥലങ്ങരം നമ്മുടെ വീടിനോടനുബന്ധിച്ചുണ്ടാകും. എന്നാൽ അല്പം ശ്രദ്ധവെച്ചാൽ ആ സ്ഥലം ആദായകരവും അതേസമയം ഉല്ലാസപ്രദമായ കാര്യങ്ങരക്കു് ഉപയോഗിക്കുവാൻ സാധിക്കും. അ

ക്കളതോട്ടങ്ങൾ ഉണ്ടാകുന്നതു്കൊണ്ടു് പണം ലഭിക്കുന്നതിന്നു്പുറമെ വീട്ടാവശ്യത്തിനുള്ള മലക്കറികൾ ഉണ്ടാക്കുവാൻ കഴിയുന്നു. തങ്ങളുടെ അദ്ധ്വാനഫലംകൊണ്ടു് തഴച്ചു്വളരുന്ന മലക്കറിസാധനങ്ങൾ മുററത്തും പറമ്പിലും കാണുന്നതുതന്നെ കുടുംബജീവിതത്തിൻെറ ആസ്വാദ്യത അനുഭവിക്കുവാൻ കഴിയുന്നവർക്കു് നിവൃതികരമാണു്.

ഭക്ഷ്യധാന്യങ്ങളുടേയും വാണിജ്യവിളവുകളുടേയും കൃഷി പരമാവധി അഭിവൃദ്ധിപ്പെടുത്താനുള്ള ഒരു സംഘടിത സംരംഭത്തിനു് നാം തയ്യാറാകണം. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ കാർഷികഉല്പാദനപുരോഗതിയിലൂന്നിഉറപ്പിക്കേണ്ടതുണ്ടു്. രാഷ്ട്രപുരോഗതിയുടെ താക്കോൽ കർഷകൻെറ കൈവശമാണു് ഇന്നുള്ളതു്. ഇക്കാര്യത്തിൽ ഭാരതത്തിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്ന കർഷകർക്കെല്ലാം മഹത്തായ ഒരു കടമ നിർവ്വഹിക്കാനുണ്ടു്. അവരുടെ അദ്ധ്വാനത്തെ ആശ്രയിച്ചാണു് രാഷ്ട്രത്തിൻെറ സാമ്പത്തികപുരോഗതി സ്ഥിതിചെയ്യുന്നതു്. ആധുനിക കൃഷിസമ്പ്രദായങ്ങൾ നടപ്പിൽവരുത്തിയും കഠിനാദ്ധ്വാനംകൊണ്ടും ഉല്പാദനം വർദ്ധിപ്പിച്ചു് രാജ്യശ്രേയസ്സു് കൈവരുത്താൻ ദൃഢനിശ്ചയം ചെയ്യേണ്ടിയിരിക്കുന്നു.

വളരെക്കാലമായി ഭക്ഷ്യാവശ്യങ്ങളെ സംബന്ധിച്ചേടത്തോളം ഒരു കമ്മിപ്രദേശമായ കേരളത്തിൽ അടുത്ത പഞ്ചവത്സരപദ്ധതിയുടെ ഫലമായി വമ്പിച്ച നേട്ടങ്ങൾ ലഭിക്കുവാൻ പോവുകയാണു്. കേരളത്തിന്നു് ഊർജ്ജിതമായ ഒരു ഭക്ഷ്യോല്പാദനസമാരംഭത്തിന്നുള്ള സമയം അതിക്രമിച്ചു് കഴിഞ്ഞിരിക്കയാണു്. കൃഷിഡിപ്പാർട്ടു്മെൻറു് സംഘടനാപരമായ പരിഷ്കാരങ്ങൾ സ്വീകരിച്ചു് കഴിഞ്ഞിട്ടുണ്ടു്. കേരളം ഭക്ഷ്യകാര്യത്തിൽ സ്വയം സമ്പൂർണ്ണമാവുകയെന്നതു് ഒരു വെറും സങ്കല്പം മാത്രമല്ല. കർഷകനും കൃഷിഡിപ്പാർട്ടുമെൻറും ആത്മാർത്ഥതയോടെ പരിശ്രമിക്കുകയാണെങ്കിൽ ഏതാനും കൊല്ലങ്ങൾകൊണ്ടു് ഇതു് യഥാർത്ഥമായിതീരും.

# ലളിതഗാനങ്ങൾ —

# മലയാളത്തിൽ

— ടി. നാരായണൻ, II പി. ഡി.



ചരിത്രാതീതകാലം മുതൽക്കുതന്നെ, മനുഷ്യന്റെ സാംസ്കാരികമണ്ഡലത്തിൽ ഉണ്ടായ വൈവിധ്യമേറിയ വ്യതിയാനങ്ങൾക്ക് വേണ്ടത്ര വെളിച്ചം നൽകാനുതകിയ അഞ്ചുകലാവിഭാഗങ്ങളിൽ സുപ്രധാനമായ ഒരു സ്ഥാനം സംഗീതത്തിനു നല്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ജീവിതത്തിന്റെ വിവിധ തുറകളിൽ വൈവിധ്യമാർന്ന പ്രശ്നങ്ങളുമായി ഇടപെട്ടു് സങ്കീർണ്ണചിത്തനായിക്കഴിയുന്ന ഏതൊരു വ്യക്തിക്കും, അലൌകികവും അവാച്യവുമായ അനുഭൂതി പകർന്നുകൊടുക്കുവാൻ സംഗീതത്തിന്നു കഴിവുണ്ടെന്ന കാര്യം നിസ്തർക്കമാണു്. ചുരുക്കത്തിൽ സംഗീതത്തിന്റെ മാസ്മരവിദ്യയിൽ അകപ്പെടാത്ത മനുഷ്യർ വളരെ കുറവായിരിക്കും. അതുകൊണ്ടുതന്നെയായിരിക്കണം വിശ്വവിഖ്യാതനായ ആംഗലകവി ഷേക്സ്പീയർ തന്റെ വിശ്വപ്രസിദ്ധമായ ''ജൂലിയസ് സീസർ'' എന്ന നാടകത്തിൽ ഒരു ദുഷ്ടകഥാപാത്രത്തെക്കുറിച്ചുള്ള വർണ്ണനകൾക്കിടയിൽ ''സംഗീതം ആസ്വദിക്കാൻ കഴിയാത്തവരെ, അഥവാ, സംഗീതത്തിനുപോലും ആകർഷിക്കാൻ കഴിയാത്തവരെ സൂക്ഷിക്കുക'' എന്നു് മുന്നറിയിപ്പ് നല്കിയതു്.

''സരസ്വതിയുടെ സ്തനദ്വയങ്ങളിൽ വലത്തേതു് സാഹിത്യവും ഇടത്തേതു് സംഗീതവുമാണെ''ന്ന ഭാരതീയ ചിന്താഗതിയിലും സംഗീതത്തിന്റെ സ്തുത്യർഹമായ കഴിവിനെപ്പററി ഒരു സൂചനതരുന്നുണ്ടു്. സാഹിത്യം ആലോചനാമൃതമാണെങ്കിൽ സംഗീതം ആനന്ദദായകവും ആപാതമധുരവുമാണു്.

ശാസ്ത്രീയസംഗീതവും ലളിതസംഗീതവുമാണു് സംഗീതത്തിന്റെ രണ്ടു കൈവഴികൾ (Classical music and Light music) രണ്ടിന്റേയും മൂല്യമായ ധർമ്മം ഒന്നുതന്നെയാണെങ്കിലും ലളിതസംഗീതം മനുഷ്യമനസ്സുകളിൽ വളരെ വേഗം സുപ്രതിഷ്ഠനേടി. ഇതിനുള്ള പ്രധാനകാരണം, അമൂർത്തവും ആനന്ദദായകവുമാണെങ്കിലും ഘടനയിലെ ഗതിവിഗതികളാൽ ജടില

മായ ശാസ്ത്രീയ സംഗീതം സാധാരണക്കാരെ സംബന്ധിച്ചേടത്തോളം ദുഷ്കരമായിപ്പോയെന്നതാണ്. ശാസ്ത്രീയസംഗീതത്തെ രാഗം, താളം, പല്ലവി, അനുപല്ലവി എന്നിങ്ങനെ വിഭജിക്കുമ്പോൾ, ലളിതഗാനത്തിൽ അത്തരം ഒരു വിഭജനം കാണുകയില്ല. ജലാശയത്തിലെ വെള്ളം നീരാവിയായി മേല്പോട്ടുയർന്ന്, നിരവധി മാററങ്ങൾക്ക് വിധേയമായി വീണ്ടും മഴയായി പ്രത്യക്ഷപ്പെടുന്ന പ്രക്രിയയെ ശാസ്ത്രീയസംഗീതമായി കണക്കാക്കാമെങ്കിൽ, ലളിതസംഗീതത്തെ നൃത്തം ചെയ്തു കൊണ്ടോടിവരുന്ന ഒരു തേനരുവിയോടുപമിക്കാം.

ഇത്രയുമൊക്കെയാണെങ്കിലും, ഇതിനും ഒരു കറുത്ത വശമുണ്ടെന്ന കാര്യം ഒരു ദുഃഖസത്യമാണ്. പണ്ഡിതസമൂഹം ഇനിയും എത്തിനോക്കാൻ മടിക്കുന്ന ഒരു സാഹിത്യവിഭാഗമായി അവശേഷിക്കുകയാണ് ലളിതസംഗീതം അഥവാ ലളിതഗാനവിഭാഗം. സമുദായത്തിൻെറ പഴകിയ പുൽമേടകളിൽ, ഇനിയും വിട്ടൊഴിയാൻ കൂട്ടാക്കാതെ മേഞ്ഞുനടക്കുന്ന അസമത്വത്തിൻേറയും അനാചാരത്തിൻേറയും കരിനിഴലുകളെ ഒന്നടങ്കം തൂത്തുവാരിയെറിയുന്നതിൽ ഏതൊരു സാഹിത്യകാരനുമുള്ളതിനേക്കാളേറെ പങ്ക് ഒരു കവിക്കുമുണ്ട്. സമുദായത്തിൻെറ നൊമ്പരങ്ങളിലും വേദനകളിലും ഹൃദയം തുറന്ന് വേദനിക്കുന്ന ഒരു കവിക്കു മാത്രമെ വിപ്ലവത്തിൻെറ കരുക്കളുൾക്കൊള്ളുന്ന ഗാനങ്ങൾ രചിക്കാൻ കഴിയൂ. അഥവാ മനുഷ്യസ്നേഹിയായ ഒരു സഹൃദയനുമാത്രമെ ഒരു ഗാനരചയിതാവാവാനും കഴിയൂ ! ഇതൊന്നുകൊണ്ടുതന്നെ ലളിതഗാന വിഭാഗം മറേറതു സാഹിത്യവിഭാഗത്തേയും പോലെ സവിശേഷശ്രദ്ധ അർഹിക്കുന്നു.

മറേറതുഭാഷയിലേയും പോലെ, മലയാളത്തിലും സമ്പന്നമായ ഒരു ലളിതഗാന വിഭാഗമുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ പററുന്ന ഒരു പച്ചപ്പരമാർത്ഥമാണ്. വയലാർ, പി. ഭാസ്കരൻ, ഒ. എൻ. വി. എന്നിവരാണ് നമ്മുടെ പ്രമുഖരായ ലളിതഗാന രചയിതാക്കൾ. തിരുനയിനാർകുറിച്ചി, അഭയദേവ്, യൂസഫലി, കേച്ചേരി തുടങ്ങിയവരാണ് ബാക്കി നില്ക്കുന്നവർ. ആദ്യത്തെ മൂന്നുപേരും, കവികളെന്ന നിലയിൽ — പ്രത്യേകിച്ചും വിപ്ലവകവികളെന്ന നിലയിൽ — തന്നെ മലയാളികളുടെ ഹൃദയങ്ങളിൽ അംഗീകാരം ലഭിച്ചു കഴിഞ്ഞവരാണ്.

കെ. പി. എ. സി.യുടെ നാടകങ്ങളിലൂടെയാണ് ഒ. എൻ. വി.യുടെ മിക്ക ഗാനങ്ങളും അരങ്ങേറാറ്. വികാരസാന്ദ്രത കൊണ്ടും, ആശയഭംഗികൊണ്ടും അനുവാചകരുടെ അന്തരാളത്തിൽ അനസ്യൂതം അനുപമമായ അനുരണനങ്ങൾ ഉളവാക്കാൻ സിനിമാ ഗാനങ്ങളേക്കാളേറെ നാടകഗാനങ്ങൾക്കുള്ള കഴിവുകൊണ്ടാകാം, ഒ. എൻ. വി., നാടകവേദി തന്നെ തൻെറ പ്രവർത്തനവീഥിയായി തെരഞ്ഞെടുത്തത്. പി. ഭാസ്കരനാകട്ടെ, ചലച്ചിത്രരംഗത്തു തന്നെയാണ് പ്രവർത്തനം സദാസമയവും. ഒരു ഗാനരചയിതാവും സംവിധായകനും മാത്രമല്ല, അദ്ദേഹം ഒരു നടനുംകൂടിയാണ്.

എത്രമാത്രം ലളിതകോമളമായ ഗാനശകലമാണെങ്കിലും, ആദ്യശ്രവണമാത്രയിൽതന്നെ അതിൻെറ അന്ത:സാരസൗന്ദര്യത്തിലേക്ക് അധികമാരും ഇറങ്ങിച്ചെല്ലുകയില്ലെന്നു വേണം പറയാൻ. പലപ്രാവശ്യം കേട്ട്, അതിൻെറ ബാഹ്യസൗന്ദര്യത്തിനും, ഘടനാസൗകുമാര്യത്തിനും സാരമായ അനാകർഷകത്വം നേരിട്ടതിനുശേഷം മാത്രമായിരിക്കും, അതിലെ കാവ്യഗുണത്തിൻെറ അഗാധതയിലേക്ക്, ഭാവനാകേളിയുടെ ഉത്തുംഗശൃംഗത്തിലേക്ക് നാം ചികഞ്ഞു നോക്കുക. ഇതുകൊണ്ട് മറെറാരു നേട്ടം കൂടിയുണ്ടായി. പദ്യരൂപ

ത്തിൽ പ്രസിദ്ധിനേടാൻ കഴിയാത്ത പഴഞ്ചൻ ആശയങ്ങളും കൂടി പശ്ചാത്തലസംഗീതത്തിൻെറ അകമ്പടിയോടെ ഈണത്തിൽ പാടിവിട്ടാൽ എളുപ്പം പ്രചരിക്കുമെന്ന നില വന്നു.

എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയ പ്രാചീനകവികൾ പൂവിട്ടു പൂജിച്ച തത്വസംഹിതകളും അദ്ധ്യാത്മിക നിയമങ്ങളും ഇക്കാലത്ത് ലളിതഗാനരൂപത്തിൽ അഭൂതപൂർവ്വമായ പ്രസിദ്ധി കൈവരിക്കുകയുണ്ടായി. യശ:ശരീരനായ തിരുനയിനാർ കുറിച്ചിയുടെ ''ആത്മവിദ്യാലയമെ ....'' എന്നു തുടങ്ങുന്ന ഗാനവും, ''ജഗമൊരുനാടകശാല ....'' (ഭക്തകുചേല), ''കണ്ണീരെന്തിനു വാനമ്പാടി ....'' (ഉമ്മ) എന്നീ ഗാനങ്ങളും ആ വിഭാഗത്തിൽ പെടുന്നവയാണ്.

വിപ്ലവചിന്തകളുൾക്കൊള്ളുന്ന വിശിഷ്ടഗാനങ്ങളും ഈ വിഭാഗത്തിലുണ്ടായിട്ടുണ്ട്. ''നീതി ശാസ്ത്രങ്ങൾ തിരുത്തിക്കുറിക്കുവാനായി, 'നീളെത്തുടിക്കും പ്രതിജ്ഞാങ്കുരങ്ങളേ'' എന്നു് സംബോധന ചെയ്തു്, 'വസന്തഗായകരായ'–'നവയുഗവസന്തഗായകരാ'യ– വിപ്ലവകവികളെ വിളിച്ചുകൂട്ടി കവി ആവശ്യപ്പെടുന്നതെന്താണെന്നോ........

''കൂരിരുൾപ്പാറ തുരന്നു'', ഉഷസ്സിൻെറ തേരിൽ വരുന്ന വെള്ളിവെളിച്ചത്തെയും, പൂക്കളേയും കണ്ടെടുക്കുവാൻ.

അദ്ധ്യാത്മികതത്വത്തിൻെറ വാല്മീകത്തിൽനിന്നും വിപ്ലവചിന്തയുടെ യന്ത്രശാലകളിൽനിന്നും ഇറങ്ങിവന്നു്, ലൌകികഗാനങ്ങളെഴുതുന്നതിലും നമ്മുടെ കവികൾ അസമർത്ഥരല്ലെന്നു് തെളിയിക്കും, താഴെക്കൊടുത്ത ഏതാനും ഗാനശകലങ്ങൾ :

ഒരു ദിക്കിൽ പെരിയാറിനെ, 'പവ്വിനീരയുടെ പനിനീരായും,' 'കുളിരുംകൊണ്ടുവരുന്ന മലയാളിപ്പെണ്ണായും',_ ഒരു കവി ചിത്രീകരിക്കുമ്പോൾ വേറൊരു ദിക്കിൽ മററൊരുകവി, തുള്ളിച്ചാടിവരുന്ന അരുവിയെ ''നൃത്തംവെക്കും പെൺകിടാവാ''യാണ് ചിത്രീകരിച്ചിരിക്കുന്നതു്. ഇവക്കുപിന്നിൽ പ്രവർത്തിച്ച തൂലികകൾക്കുപിന്നിലെ ഹൃദയങ്ങൾ കവിത്വം ഉൾക്കൊണ്ടവയല്ലെന്നാരാണ് പറയുക....?

പോരേ ! ഇതാ വേറൊന്നുകൂടി ;
''കിഴക്കു ദിക്കിലെച്ചെന്തെങ്ങിൽ
കരിക്കു പൊന്തിയ നേരത്തു്
മുരിക്കിൻ തയ്യേ നിന്നുടെചോട്ടിൽ
മുറുക്കിത്തുപ്പിയതാരാണ്?....''

കിഴക്കേതിലെ ചെന്തെങ്ങിൽ ആദ്യമായി കരിക്ക് പൊട്ടിയപ്പോൾ ആ വിവരമറിഞ്ഞ അയലത്തെ വീട്ടിലെ കാരണവർ അവരുടെ സൌഭാഗ്യത്തിൽ അസൂയ തോന്നി നാലും കൂട്ടി മുറുക്കി അടക്കവയ്യാത്ത അമർഷത്തോടെ ''ഫൂ'' എന്നു് നീട്ടിത്തുപ്പുന്ന ചിത്രം, ഈ വരികൾ കേൾക്കുമ്പോഴോ പാടുമ്പോഴോ അധികമാരുടെയും മനസ്സിൽ ഉയർന്നിരിക്കാനിടയില്ല.

''മാനത്തുനിന്നൊരു ചെങ്കതിർ
മാല—നിൻ
മാറിലേക്കാരേയെറിഞ്ഞു........?''

എന്നീവരികളെഴുതിയ കവിയുടെ ഭാവനചക്രവാളത്തേക്കാൾ വിശാലമായിരിക്കണം. ഉദയസൂര്യൻ തൻെറ അരുണകിരണങ്ങളാകുന്നമാല, തികച്ചും കളിയായി, ഒരു കന്യകയുടെ മേനിയിലിട്ടപ്പോൾ അവളുടെ കാമുകനുണ്ടാവുന്ന വികാരവിശേഷങ്ങളുടെ ഒരാകത്തുകയാണീ വരികൾ. കാമുകനാകട്ടെ, വേറെ എവിടേയും ശ്രദ്ധിക്കാതെ അവളുടെ മാറിലെ വെയിൽനാളങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു ! പോരാതെ, ഞാനിവിടെയുള്ളപ്പോൾ, ഇത്രധൈര്യത്തോടെ നിൻെറ മാറിൽ മാലയണിയിക്കാൻ ആർക്കാണ് ധൈര്യമുണ്ടായതെന്നുകൂടി അവൻ ചിന്തിച്ചിരിക്കണം.

അടുത്ത കാലത്തിറങ്ങിയ നാടകഗാനങ്ങളിൽ ചമല്ക്കാരസൌന്ദര്യത്താൽ അനവദ്യസുന്ദരമായിത്തോന്നിയ ഒരു ഗാനമാണ് 'ഡോക്ടറിലെ' 'വെണ്ണിലാച്ചോലയിലെ' എന്ന ഗാനം. നിലാവിൽ കുളിച്ചീറനായി നില്ക്കുന്ന ഭൂമിയാകുന്ന ആമ്പൽപ്പൊയ്കയിൽ, ശരൽക്കാലമേഘങ്ങളുടെ മാർബിൾ പടികളിറങ്ങി, അമ്പിളിയാകുന്ന പൊൻകുടവുമേന്തി യാമിനികന്യക വെള്ളമെടുക്കാൻ വരുന്ന ചിത്രം വരച്ചുതന്ന കവിയുടെ ഭാവന ഈ പ്രപഞ്ചത്തോളം വിശാലമാണ്.

ഇവകൂടാതെ, 'ആകാശഗംഗയുടെ കരയിൽ' (വയലാർ), 'സ്വപ്നങ്ങൾ .... സ്വപ്നങ്ങൾ" (വയലാർ) 'തേടുന്നതാരെയീശൂന്യതയിൽ' (യൂസഫലി, കേച്ചേരി) എന്നീ ഗാനങ്ങളും മനോഹരങ്ങളാണ്.

രാജ്യസ്നേഹദ്യോതകമായ ഗാനങ്ങളും കുറവല്ല മലയാളത്തിൽ. ''ജനനീ, ജനനീ, ജനനീ, ജന്മഭൂമീ ....'' എന്നു തുടങ്ങുന്ന നാടകഗാനം ഏതൊരു ദേശാഭിമാനിയേയും വികാരപുളകിതനാക്കാതിരിക്കയില്ല.

പച്ചനോട്ടുകൾ കീശയിലാക്കേണ്ട ധൃതിയിൽ കാവ്യസൌന്ദര്യം തൊട്ടുതെറിപ്പിക്കുകപോലും ചെയ്യാത്തിട്ടില്ലാത്ത ഗാനങ്ങൾ എഴുതപ്പെടുന്ന സന്ദർഭങ്ങൾ, എന്തോ കൂടിക്കൂടി വരികയാണിപ്പോൾ! നേടിയെടുത്ത സംസ്കാരത്തിൻെറ വീഥിയിൽ ഇനിയും പുതുചിത്രങ്ങൾ തുന്നിപ്പിടിപ്പിക്കാൻ ബാദ്ധ്യസ്ഥരായ ഇവർ, പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടിപ്പോകാതെ, പഴയരീതികളിൽ അള്ളിപ്പിടിച്ചു നില്ക്കുന്നത് എത്രയും ഖേദകരമാണ്! അവരെപ്പററി നമുക്കു ദുഃഖിക്കുക; ഹൃദയപൂർവ്വം! ഒപ്പം, ഒരു പ്രകാശപൂരിതമായ നാളെക്കു വേണ്ടി പ്രയത്നിക്കുകയും, പ്രാർത്ഥിക്കുകയും!

# മദ്യപാനവും പുകവലിയും

**സി. മൊയ്തു, II ബി. എ.**

ഇന്നു് ജനകോടികളുടെ ഇടയിൽ പ്രായഭേദമന്യേ നടമാടുന്ന രണ്ടു ദുശ്ശീലങ്ങളാണു് മദ്യപാനവും പുകവലിയും. മന



ഷ്യൻെറ ആരോഗ്യത്തെ ദിനംപ്രതി കാർന്നു തിന്നുന്ന ഇവയുടെ ഭയാനകതയെപ്പററി മനുഷ്യൻ ചിന്തിച്ചിട്ടുണ്ടോ എന്നു സംശയമാണു്. സമുദായത്തിൻെറ ഭദ്രതയെയും, കെട്ടുറപ്പിനെയും ചോദ്യം ചെയ്യുന്ന ഇവയെപ്പററി അല്പം ചിന്തിക്കുന്നതു് അസ്ഥാനത്താകുമെന്നു തോന്നുന്നില്ല.

ഇതിൽ ആദ്യത്തേതിൻെറ ദൂഷ്യങ്ങൾ രണ്ടാമത്തേതിനെ അപേക്ഷിച്ച് വളരെ ശക്തിയേറിയതാണു്. മദ്യപാനം ഒരു മനുഷ്യനെ നേരിട്ടു് മരണവക്ത്രത്തിലേക്കാണു് നയിക്കുന്നതു്. അതു് കാര്യമായി ശരീരത്തിലെ ദീപനേന്ദ്രിയങ്ങൾ, തലച്ചോറ്, മുതലായവയെ ബാധിക്കുന്നു.

അസ്ഥിക്കൂടവും മാംസപേശികളും രക്ത നാഡികളും, ശ്വാസകോശങ്ങളും ജനന ത്തിൽതന്നെ സമ്പൂർണ്ണതയെ പ്രാപിക്കുന്ന തുകൊണ്ടു് നമ്മുടെ മുറ അവയെ ബലപ്പെ ടുത്തുക മാത്രമാകുന്നു. ഇത്തരം അവയവ ങ്ങൾക്കു് ബലഹീനത സംഭവിക്കുന്നതു് മദ്യപാനം കൊണ്ടാണു്. ക്രമേണ ഈ അവ യവങ്ങൾ ക്ഷയിക്കാൻ തുടങ്ങുകയും, അവ യുടെ കൃത്യങ്ങൾ വേണ്ടവിധത്തിൽ നിർവ്വ ഹിക്കാൻ സാധിക്കാതെ വരികയും ചെ യ്യുന്നു. മർമ്മം, വൃക്കകൾ, ശ്വാസകോശ ങ്ങൾ, യകൃത്തു്, അഗ്ന്യാശയം മുതലായവ യെയും ഈ ലഹരിപദാർത്ഥം ഒഴിവാക്കു ന്നില്ല. രക്തനാഡികളും, സിരകളുംപോ ലെ അസ്ഥിക്കൂടവും മാംസപേശികൾകൊ ണ്ടു മൂടപ്പെട്ടിരിക്കുന്നു. രക്തം ദേഹ ത്തിൻെറ എല്ലാഭാഗത്തും പോഷണദ്രവ്യ ങ്ങൾ എത്തിക്കുന്നതാകകൊണ്ടു് അതു് അവയവങ്ങളുടെ ആലംബനവും സുഖ സ്ഥിതിക്കു് കാരണവുമാകുന്നു. എന്നാൽ രക്തം മദ്യസാരംകൊണ്ടു് ദൂഷിക്കുമ്പോൾ മാംസപേശികളും, തോലും ഉൾപ്പെടെ ദേഹത്തിലെ എല്ലാ അവയവങ്ങളും വേണ്ട ത്ര പോഷകാംശം ലഭിക്കാതെ പട്ടിണി യാവുന്നു. തന്മൂലം ദേഹം ക്രമേണ ക്ഷയി ച്ചുവരികയും ചെയ്യും.

മദ്യപാനത്തിൻെറ ദൂഷ്യങ്ങൾ കുടി ക്കുന്ന ആളെ മാത്രമല്ല ബാധിക്കുന്നതു്, അവ അവനിൽനിന്നും എത്രയോ അകലെ സ്ഥിതിചെയ്യുന്ന മുഴുവൻ മനുഷ്യവർഗ്ഗ

ത്തെയും ബാധിക്കുന്നു. കുടി ജനതയുടെ ജീവിതത്തെ ക്ഷയിപ്പിക്കുന്നു. അതു് കുടുംബഭദ്രതയെ തകിടം മറിക്കുന്നു.

നമ്മുടെ ശരീരം അവയവങ്ങളുടെ ഒരു സമുദായമാകുന്നു. ശരീരത്തിലെ അസംഖ്യം ജീവനുള്ള അറകൾ ഒരു സമുദായത്തിലെ വ്യക്തികളെപ്പോലെയാണു്. നല്ല വ്യവസ്ഥയുള്ള ഒരു സമുദായത്തിൽ പല തൊഴിലും ചെയ്യുന്ന ആളുകൾ സംഘത്തിന്റെ ആവശ്യങ്ങളെ നിവൃത്തിക്കുന്നു. അതുകൊണ്ടു് ഏതു തൊഴിലും സംഘത്തിന്റെ കർമ്മപ്രാപ്തിക്കും, ക്ഷേമത്തിന്നും ഒഴിച്ചുകൂടാത്തതാണു്. അതുപോലെ പല അവയവങ്ങളും ദേഹത്തിന്റെ നാനാപ്രകാരമായ ആവശ്യങ്ങളെ നിവർത്തിക്കുന്നു. ഈ അവയവങ്ങളെക്കൊണ്ടു് ന്യായമായ ജോലികൾ ചെയ്യിക്കുന്ന ഭരണകർത്താവു് തലച്ചോറാണു്. തലച്ചോറ് മദ്യത്തിന്റെ സ്വാധീനതയിൽപെട്ടാൽ നാനാ അവയവങ്ങളുടെയും പ്രവൃത്തി താറുമാറാകും.

സർവ്വസൃഷ്ടികളിൽവെച്ചു് ഏററവും സമ്പൂർണ്ണതയുള്ളതു് മനുഷ്യനാകുന്നു. മദ്യം മററു ജീവികളെക്കാൾ കൂടുതൽ ദോഷകരമായി ബാധിക്കുന്നതു് മനുഷ്യനെയാണെന്നു് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ടു്. മദ്യം ദേഹത്തിലുള്ള ഓരോ അറകളെയും നശിപ്പിക്കുന്നു. അതു് മനുഷ്യന്റെ ഉല്പാദനാവയവത്തെക്കൂടി ബാധിക്കുമെന്നു് കണ്ടിരിക്കുന്നു.

മാതാപിതാക്കൾ രണ്ടുപേരുമോ, അവരിൽ ഒരാൾക്കോ മദ്യസേവയിൽ ആസക്തിയുണ്ടെങ്കിൽ കുട്ടികൾ ബലഹീനരാകുകയും ശൈശവത്തിൽ മരിച്ചുപോകുകയും ചെയ്യുന്നു. അഥവാ ശൈശവദശയെത്തന്നെ തരണം ചെയ്താൽ മൂന്നാമത്തെ ദശയിൽ ഇവരിൽ വന്ധ്യാത്വം വന്നുകൂടുമെന്നു് പരീക്ഷണങ്ങളിൽകൂടി തെളിയിച്ചിട്ടുണ്ടു്.

മദ്യപാനം രാജ്യത്തിന്റെ ക്ഷേമത്തെയും, പ്രാപ്തിയേയും നശിപ്പിക്കുന്നു. ഒരു മദ്യപാനിക്കു് തന്റെ കുടിയെപ്പററി മാത്രമേ ചിന്ത ഉണ്ടാകുകയുള്ളു. അവന്നു് തന്റെ സഹജീവികളുടെ ക്ഷേമത്തെപ്പററി ചിന്ത ഉണ്ടാകാറില്ല. തന്റെ കുടുംബത്തിന്നു് നാശം വരുത്തി വെച്ചതിൽശേഷം തന്റെ മദ്യത്തിന്റെ ആർത്തി ശമിപ്പിക്കാൻ അന്യരുടെ മുതൽ ആക്രമിക്കാൻകൂടി അവൻ വെമ്പൽകൊള്ളുന്നു. തെരുവീഥികളിൽ ശണ്ഠയും, കൊലപാതകവും ഇതുമൂലം സാധാരണ കാണുന്നു. മദ്യപാനം നിമിത്തം സമുദായം ഒന്നടങ്കം നശിക്കുന്നു. രോഗവും കുററങ്ങളും വർദ്ധിക്കുന്നതുകൊണ്ടു് ആസ്പത്രികളും നീതിന്യായക്കോടതികളും, ജെയിലുകളും അത്യാവശ്യമായിത്തീരുന്നു. മദ്യപാനത്തിന്റെ ദൂഷ്യം ക്രമേണ ജനസമുദായത്തെ മുഴുവൻ ബാധിക്കുന്നു.

മദ്യപാനം അകാലമരണത്തിന്നു് കാരണമായിത്തീരുന്നു. പാശ്ചാത്യരാജ്യങ്ങളിലുള്ള ജീവരക്ഷാധനക്കമ്പനിക്കാർ ഇതു തെളിയിച്ചിട്ടുണ്ടു്. അമേരിക്കയിലും, മററു പാശ്ചാത്യരാജ്യങ്ങളിലും, ഇതുമൂലം ധാരാളം അകാലമരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പത്രദ്വാരാ നമുക്കു് അറിയാൻ കഴിയും.

പട്ടാളക്കാരുടെ ഇടയിൽകൂടി അവരുടെ ശേഷിയും സഹനശക്തിയും മദ്യപാനം കുറക്കുന്നു എന്നൊരാക്ഷേപം അടുത്ത കാലത്തു് ഉയർന്നു വന്നിട്ടുണ്ടു്. അതു് ഈയിടെ നടന്ന ലോകമഹായുദ്ധങ്ങൾ തെളിയിച്ചു. മദ്യപാനം പാടേ ഉന്മൂലനം ചെയ്യുന്നതിന്നുവേണ്ടി ഇംഗ്ലണ്ടിലും, മററു ചില രാജ്യങ്ങളിലും മദ്യവർജ്ജനസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടു്. ഈ സംഘത്തിന്റെ ഉദ്ദേശം ജനങ്ങൾക്കിടയിൽ മദ്യനിരോധം പ്രചരിപ്പിക്കലാണു്.

ഇനി ചിന്തിക്കാനുള്ളതു് പുകവലിയെപ്പററിയാണു്. ഇതു ണ്ടാ കു ന്ന പുക

യില പ്രകൃത്യാ നമ്മുടെ രാജ്യത്ത് ഉള്ള തല്ല. ഇന്ത്യക്കാർ ഇതിൻെറ ഉപയോഗം പഠിച്ചത് യൂറോപ്പ്യന്മാരിൽ നിന്നായിരുന്നു. 1492 കൊളംബസ് അമേരിക്ക കണ്ടുപിടിച്ചപ്പോൾ അദ്ദേഹത്തിൻെറ അനുചരന്മാരിൽ ചിലർ അനവധി അമേരിക്കക്കാർ വായിൽ പന്തവുമായി രസകരമായ ഗന്ധത്തോടെ പുകവിടുന്നതു കണ്ടു പേടിച്ചുപോയത്രെ. 50 കൊല്ലം കഴിഞ്ഞതിൽ ശേഷം പന്തങ്ങളുടെ ചുററും പൊതിഞ്ഞ ഇല സ്പെയിനിലേക്കും, അവിടുന്ന് അതു ഫ്രാൻസിലേക്കും ഇംഗ്ലണ്ടിലേക്കും കൊണ്ടുപോയി. പുകയില ഒന്നാമത് വലിച്ച ഇംഗ്ലീഷുകാരൻ പ്രസിദ്ധനായ സർ വാൾട്ടർ റാലി ആയിരുന്നു. ഒരു ദിവസം ചുരുട്ടു വലിക്കുമ്പോൾ ദാഹിച്ച അദ്ദേഹം ബീർ കൊണ്ടുവരാൻ വേലക്കാരിയോടു പറഞ്ഞു. വേലക്കാരി അദ്ദേഹത്തിൻെറ ദേഹത്തു തീപിടിച്ചുവെന്ന് വിചാരിച്ച് ബീർ അദ്ദേഹത്തിൻെറ തലയിൽ ഒഴിച്ച് തീ കെടുത്തി.

പുകയില ഏകദേശം 300 കൊല്ലങ്ങൾക്ക് മുമ്പാണ് ഇന്ത്യയിൽ കൊണ്ടുവന്നതു്. 1615ൽ ഒന്നാം ജെയിംസ് ഇംഗ്ലണ്ടിലെ രാജാവായപ്പോൾ അദ്ദേഹം ഡൽഹിയിലെ മുഗൾചക്രവർത്തിയായ ജഹാംഗീറിൻെറ അടുക്കൽ സർതോമസ് റോയി എന്ന തൻെറ ദൂതനെ അയച്ചു. അദ്ദേഹം മുഗൾ ചക്രവർത്തിക്ക് പാരിതോഷികമായി പുകയിലയും ഉരുളക്കിഴങ്ങും കൊണ്ട് കൊടുത്തയച്ചതു്. അതിൽപ്പിന്നെ പുകയിലയുടെ ഉപയോഗം ഇന്ത്യയിൽ പ്രചരിക്കാൻ തുടങ്ങി.

ഇന്നു് ഇന്ത്യയിൽ പ്രായഭേദമന്യേ പുകവലി ധാരാളം കാണുന്നു. പുകയില ഏതുതരത്തിലായാലും ദേഹത്തിന്നു് ഹാനികരമാണെന്നു വൈദ്യന്മാർ തെളിയിച്ചിട്ടുണ്ടു്. പുകയിലതന്നെ പല തരത്തിലുണ്ടു്. അവയിൽ മൂന്നു തരം തെലുങ്കു ജില്ലകളിൽ ധാരാളമായി ഉണ്ടാകുന്നു. രുചിയിൽ വ്യത്യാസമുണ്ടെങ്കിലും, പുകയിലയുടെ എല്ലാവകഭേദങ്ങളിലും ഒരേ മാതിരി വിഷകരമായ മൂലധാതുക്കളുണ്ടു്. 'നീക്കോട്ടിൽ' എന്ന പുകയില ദ്രാവകം ശരീരത്തിന്നു് വളരെയേറെ ആപല്ക്കരമാണു്. മററു ദ്രാവകങ്ങളും ശക്തിയിൽ പിന്നോക്കമല്ല. പുകയില ഉണക്കുമ്പോൾ ഒരു മാതിരി കൊഴുപ്പുള്ള സാധനം ഇലയിൽ ഉണ്ടായിത്തീരുന്നു. ചുരുട്ടു വലിക്കുമ്പോൾ ഇലയിലുള്ള വിഷപദാർത്ഥങ്ങൾ മുഴവൻ പുകയായി പുറത്തു പോവുന്നു. ഇതു ശുദ്ധവായു ധാരാളമില്ലാത്തപ്പോൾ അപകടകരമാണു്. പുകയിലയിൽ നിന്നു പുറപ്പെടുന്ന പുകയിൽ വളരെ ശക്തിയേറിയ വിഷങ്ങളുണ്ടു്. ഉദാഹരണമായി ബയിനോജനം, ഹൈഡ്രോഡയാനിക്ക് ആസിഡും, ഇതു പെട്ടെന്നുള്ള മരണത്തിന്നു് കാരണഹേതുവാകുന്നു.

പുകയില രക്താണുക്കളിലുള്ള ജീവവായുവേ വലിച്ചെടുത്തു അതിനെ നീലിച്ച അശുദ്ധരക്തമാക്കുന്നു. പുകവലി രക്തവാഹിനികളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. 'നീക്കോട്ടിൽ' എന്ന പുകയിലയിലെ അംശം ഛർദ്ദി, ഓക്കാനം മുതലായവ ഉണ്ടാക്കും. പുകവലി ശീലിക്കുന്ന ആദ്യഘട്ടങ്ങളിൽ ഛർദ്ദിയും, അതിസാരവും ഉണ്ടാക്കി വിഷത്തെ ദേഹത്തിൽ നിന്നും പുറത്തേക്ക് തള്ളുവാൻ യത്നിക്കുന്നു. പുകവലി ശീലിച്ചു പോയവർക്ക് വാർദ്ധക്യത്തിൽ വിറ തട്ടുകയും, പിന്നെ പക്ഷവാതം പിടിപെടുകയും ചെയ്യുന്നു.

പുകയിലയുടെ വികാരഭേദങ്ങളിൽ വെച്ച് ഏററവും മോശമായതു 'സിഗരട്ടാകുന്നു'. പുകവലി നിമിത്തം ആദ്യമായുണ്ടാവുന്ന രോഗം അഗ്നിമാന്ദ്യമാകുന്നു. പുകയിലയുടെ പുക ശ്വാസകോശങ്ങളിൽ പ്രവേശിക്കുമ്പോൾ അതു ദേഹത്തിലുള്ള നാനാധാതുക്കൾക്കും ആവശ്യമായ പ്രാണ

വായു അപഹരിക്കുകയും, തന്മൂലം ദീപന ശക്തി ക്ഷയിച്ചു വരുന്നു. പുകവലി ദീപനനീരുകളുടെ തുടർച്ചയായ പ്രവർത്തനത്തിനും തടസ്സമായിത്തീരുന്നു. ബാലമരണം അധികം കാണുന്നതു് ചുരുട്ടു തൊഴിൽശാലകളിൽ നിത്യം പ്രവർത്തി എടുക്കുന്ന സ്ത്രീ സന്താനങ്ങളുടെ ഇടയിലാണെന്നും അതിന്നു കാരണം നിത്യവും പ്രവർത്തി എടുക്കുമ്പോൾ വിഷബാഷ്പം ശ്വസിക്കുന്ന മൂലമാണെന്നും തെളിഞ്ഞിരിക്കുന്നു.

പുകവലിമൂലം സിരകൾക്കു് ശക്തി ക്ഷയം ഉണ്ടാവുകയും മനസ്സിന്നു സ്ഥിരതയില്ലാതെയായിത്തീരുകയും ചെയ്യുന്നു. പുകവലിമൂലം 'കേൻസർ' പിടിപെടുമെന്നു് അടുത്ത കാലത്തു് ഡോക്ടർമാർ നടത്തിയ പരീക്ഷണത്തിൽനിന്നും തെളിഞ്ഞിട്ടുണ്ടു്. അവയവങ്ങളൊന്നും പൂർണ്ണവളർച്ചയെത്താത്ത കുട്ടികൾക്കു് പുകവലി വളരെ ദോഷം ചെയ്യും.

പുകവലിക്കും, മദ്യപാനത്തിനും എതിരായു് നടത്തുന്ന പ്രതിവിധികളെപ്പററി നമുക്കൊന്നു ചിന്തിക്കാം. മദ്യപാനത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ നമ്മുടെ ഗവർമ്മേൻറു് ചിലതൊക്കെ ചെയ്തിട്ടുണ്ടു്. ഇന്ത്യാരാജ്യത്തു് മദ്യവർജ്ജന സംഘടനകളുടെ പ്രവൃത്തിയെ ഏകീകരിക്കേണ്ടുന്ന ഉദ്ദേശത്തോടുകൂടിയും, മദ്യപാനത്തിൽനിന്നും രാജ്യത്തെ രക്ഷപ്പെടുത്തേണമെന്ന ഉദ്ദേശത്തോടുകൂടിയും എല്ലാ സംസ്ഥാനങ്ങളിലേയും, യോഗ്യന്മാരായ ആളുകളെ അംഗങ്ങളായി ചേർത്തു് 'സർവ്വേന്ത്യാ മദ്യവർജ്ജനസംഘം'' എന്ന ഒരു സംഘത്തെ ഗവർമ്മേൻറു് നിയമിക്കുകയുണ്ടായി — ഇന്ത്യയിലെ പല സംസ്ഥാനഗവർമ്മേൻറുകളെകൊണ്ടു-ഒരു മദ്യനിരോധനിയമത്തെ അംഗീകരിപ്പിക്കുന്നതും ലഹരിമരുന്നുകൾ ഉണ്ടാക്കുക, വില്ക്കുക, കഴിക്കുക എന്നിവയെ കുററങ്ങളായി പ്രഖ്യാപിക്കുന്നതും ആയിരുന്നു ഈ സംഘത്തിൻെറ മുഖ്യോദ്ദേശങ്ങൾ. ഇന്ത്യയിൽ ഇപ്പോൾ മദ്യനിരോധനിയമം പാസ്സാക്കിയിട്ടുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ ഈ നിയമം ബാധകമല്ല എന്നുള്ളതു് വേദനാജനകമായ ഒരു സംഗതിയാണു്. മദ്യനിരോധ നിയമം ഇന്ത്യയിൽ ഒരു പരാജയമാണെന്നും ആയതിനാൽ ഈ നിയമത്തിൽ സാരമായ ഇളവു് വരുത്തണമെന്നുമുള്ള വാദഗതികൾ അടുത്ത കാലത്തു് ഉയർന്നു വന്നിട്ടുണ്ടു്. ഇതിൻെറ ഫലമായി ഗവർമ്മേൻറിൻെറ മദ്യനിരോധനയത്തിൽ അയവു വരുത്താൻ പോകുന്നു എന്നൊരു പ്രസ്താവനയും പത്രദ്വാര കേൾക്കാൻ ഇടയായിട്ടുണ്ടു്.

മദ്യപാനത്തിന്നെതിരായു് ചിലതൊക്കെ ഗവർമ്മേൻറു് ചെയ്തിട്ടുണ്ടെങ്കിലും, വർദ്ധിച്ചുവരുന്ന പുകവലിക്കെതിരായു് ഇതുവരെ ഒന്നും ചെയ്തിട്ടില്ല.

ആദ്ധ്യാത്മികമായും, സാംസ്കാരികമായും, ഉന്നതകോടിയിൽ വർത്തിക്കുന്ന ഭാരതം, ഗാന്ധിയൻ സിദ്ധാന്തങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ഭാരതം, മദ്യനിരോധ നിയമത്തിന്നെതിരായു് ഉയർന്നു വരുന്ന വാദഗതികൾ ഒരിക്കലും ചെവിക്കൊണ്ടുകൂടാ. ഇതിന്നെതിരായു് ഗവർമ്മേൻറു് ഇനിയും പലതും ചെയ്യേണ്ടതുണ്ടു്. ഇതിന്നു ജനങ്ങളുടെ സഹകരണവും, ഉണ്ടാകേണ്ടതാണു്. മദ്യപാനത്തെ അതിജീവിച്ച ഒരു നവഭാരതത്തിന്നുവേണ്ടി നാം ഒന്നിച്ചു് പ്രാർത്ഥിക്കുക — പ്രവർത്തിക്കുക — വിജയം തീർച്ച.

വിനോദ ഭാവന —

# മീശ

— സി. പി. മമ്മു, പി. ഡി. സി.

''താൻ മീശ വിറപ്പിച്ചിട്ടെന്താണു ചെയ്യാൻ ഭാവം ....'' രണ്ടാളുകൾ തമ്മിൽ ശണ്ഠകൂടുമ്പോൾ അപരനോടു പറയുകയാണ്. ഒരു മനുഷ്യനു് പല അവയവങ്ങളുമുണ്ടു്, കൈ, കാൽ, കണ്ണു്, മൂക്കു്, ചെവി ഇങ്ങിനെ പോകുന്നു ആ പട്ടിക. എന്നാൽ നമ്മുടെ ചങ്ങാതി വളരെ ഉപയോഗമുള്ള അവയവങ്ങളെ —കൈകൊണ്ടാണെല്ലോ അടിക്കേണ്ടതു—കൂടി അവഗണിച്ചുകൊണ്ടു് മീശയെയാണു് പഴിപറയുന്നതു്. അപ്പോൾ മീശക്കു് പൊതുജീവിതത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നല്ലയോ ധരിക്കേണ്ടതു്.

''ചുരുണ്ട തലമുടി, വരയൻ മീശ .... ......................'' ഇങ്ങനെ കവികളുടെയും കലാകാരന്മാരുടെയും വൎണ്ണന സാഹിത്യലോകത്തു് മാധുര്യം ചാൎത്തുന്നു. അവിടെയും നമ്മുടെ മീശ ഒരു നല്ല സ്ഥാനം പിടിച്ചു പററിയിരിക്കുന്നു. യുവാക്കളെപ്പററി വൎണ്ണിക്കുമ്പോൾ അവരുടെ മീശയെപ്പററി വൎണ്ണിക്കാതിരുന്നാൽ അതൊരു വൎണ്ണനയല്ല. ആ വൎണ്ണനക്കു് ഭംഗിയില്ല. ലാളിത്യമില്ല, വായനക്കാൎക്കു വായിക്കാൻ സുഖമില്ല, കേൾക്കാൻ ഇമ്പമില്ല, പ്രൗഢിയില്ല, പുതുമയില്ല എല്ലാം നഷ്ടപ്പെട്ടു. ഒരു യുവകോമളനെപററി വൎണ്ണിക്കുന്ന ഒരു കൃതിയിൽ അതിന്നു പൂൎണ്ണത കൈവരണമെങ്കിൽ അവന്റെ മീശയെപ്പററി വൎണ്ണിക്കുക തന്നെ ചെയ്യണം. ബന്ധനസ്ഥനായ



അനിരുദ്ധനിൽ വള്ളത്തോൾ അനിരുദ്ധന്റെ മീശയെപ്പററി വൎണ്ണിക്കുന്നതു് ഇങ്ങിനെയാണു് —

''താരുണ്യലക്ഷ്മിയെ നനുത്തു കറുത്ത മീശച്ചേരും
തദാസ്യനളിനത്തിൽ വളൎത്തിരുന്നു''.

അപ്പോൾ എഴുത്തുകാരുടെ മുക്തകണ്ഠമായ പ്രശംസക്കു് പാത്രീഭൂതനാണു് നമ്മുടെ മിസ്റ്റർ മീശ : (മിസ്സിസ് മീശയല്ല കെട്ടോ ?)

മീശയുടെ തരം തിരിവിനെപ്പററി പറയുകയാണെങ്കിൽ വലിയ ഒരു പുസ്തകം തന്നെ എഴുതേണ്ടതായിവരും. അതുകൊണ്ടു് നമുക്കു് അതിനെപററി ചുരുക്കമാ

യൊന്നു പറഞ്ഞുപോകാം. വരയൻമീശ, ഈൗക്കിൾമീശ, ഹാഫ്മീശ, കൊമ്പൻമീശ, എന്നിങ്ങനെ പല ഉൾപിരിവുകളുമുണ്ട് മീശക്ക്. സൌന്ദര്യത്തെ വർണ്ണിക്കുമ്പോൾ വരയൻമീശകളും, ഈൗക്കിൾമീശയുമാണ് പ്രധാനപങ്ക്. ലലനാമണികളുടെ ശ്രദ്ധയാകർഷിക്കുവാൻ നമ്മുടെ മീശകളുടെ കഴിവ് ഒന്നുവേറെത്തന്നെയാണ്. പുഞ്ചിരിച്ചുനില്ക്കുന്ന ചുണ്ടിനുമീതെ ഉയർന്നുനില്ക്കുന്ന വരയൻമീശ കണ്ടാൽ നാരീമണികൾ കുടുങ്ങിയതുതന്നെ. ചാററൽസ് ഡിക്കൻസിന്റെ ''നിക്കോളാസ് നിക്കൽബി (Nicholas Nickleby)'' യിലെ ഒരു കഥാപാത്രമായ മാഡം മൻറാലിനി (Madam Mantalini) മിസ്റ്റർ മൻറാലിനിയെ (Mr. Mantalini) വിവാഹം കഴിച്ചതുതന്നെ മൻറാലിനിയുടെ സുന്ദരമായ മീശയിൽ ഭ്രമിച്ചതിനാലാണത്രെ. അപ്പോൾ മീശയുടെ കഴിവിനെപററി നിങ്ങൾ എന്തുപറയുന്നു?

എന്നാൽ ഗാംഭീര്യത്തേയും പ്രഭാവത്തെയും വർണ്ണിക്കുമ്പോൾ ആസ്ഥാനത്തിന്നർഹത നമ്മുടെ കൊമ്പൻമീശക്കു തന്നെയാണ്. ഹാഫ്മീശ, ഫ്രൾമീശ, രണ്ടോ മൂന്നോ രോമങ്ങളുള്ളമീശ എന്നിവ പരിഷ്ക്കാരത്തിന്റെ ചിഹ്നങ്ങളായിട്ട് കണക്കാക്കാം. മീശവെക്കുന്നതും മററും പിള്ളേർകളിയല്ലകേട്ടോ? കുട്ടികൾ എന്തെങ്കിലും കുററം ചെയ്താൽ ''നിനക്ക് മീശമുളച്ചുവോടാ......." എന്നാണ് ചോദിക്കുന്നത്. അപ്പോൾ മീശവെക്കാനും ചില പരിധികളുണ്ട്. നമ്മിൽ പലർക്കും ആഗ്രഹം മീശ ഉടനെ മുളച്ചെങ്കിൽ എന്നാണ്. ചിലരുടെ മൂക്കിനുതാഴെ വെളുത്ത കുറച്ചുരോമങ്ങളുണ്ടാകുമ്പോൾതന്നെ അതു മുറിച്ചുശരിയാക്കി തീപ്പെട്ടിക്കോലും മററും ഉപയോഗിച്ച് പെയിൻറ് ചെയ്തു കറുപ്പിക്കുവാൻ ശ്രമിക്കുന്നു. പാവങ്ങൾക്ക് മീശയുടെ ഗാംഭീര്യവും പ്രഭാവവും മററും അറിഞ്ഞുകൂടാ! അതാണ് അവർ ഇതുപോലുള്ള പ്രവൃത്തിയിൽ ഏർപ്പെടുന്നത്.

ഇനി നമുക്ക് മീശയുടെ മാഹാത്മ്യത്തെപററി ചിന്തിക്കാം. സ്ത്രീയേയും പുരുഷനേയും തമ്മിൽ വേർതിരിക്കുന്ന ഒരു പ്രധാന ഘടകമാണ് മീശ. മീശമുളക്കാത്തവർ തീർച്ചയായും സ്ത്രീകളുടെ കൂട്ടത്തിൽ പെട്ടവരാണ്. (പുരുഷനാണെങ്കിൽ മീശ മുളക്കാതിരിക്കയില്ല കേട്ടോ? നിങ്ങൾ മീശയെ കോപിപ്പിക്കരുത്. മീശ കോപിച്ചാൽ പണി പററിയതുതന്നെ) പുരുഷന്റെ ഗാംഭീര്യത്തേയും പ്രഭാവത്തേയും മീശ കാണിക്കുന്നു. തന്റെ അഭിമാനസ്തംഭമായ മീശയെ ചിലർ എപ്പോഴും തലോടിക്കൊണ്ടിരിക്കുന്നതുകാണാം. മററു ചിലർ എപ്പോഴും പിരിച്ചുകയററുന്നതും കാണുവാൻ സാധിക്കും. കൊമ്പൻമീശയുള്ളവർ അതിനെ രണ്ടു വശത്തേക്കും പിരിച്ചു കയററിവെച്ചതു കണ്ടാൽ ചെറിയ കുട്ടികൾ മൂത്രമൊഴിച്ചതു തന്നെ. അതുകൊണ്ടു കൊമ്പൻ മീശയുള്ളവർ കുട്ടികളെ സമീപിക്കുമ്പോൾ ശ്രദ്ധിക്കണേ! കൊമ്പൻമീശക്കാരെ കണ്ടാൽ കള്ളന്മാരുടെ കളവ് വെളിയിൽ ചാടും. അതിനാണ് പൊലീസുകാരും മററും കൊമ്പൻമീശതന്നെ വെക്കുന്നത്. തന്റെ കൊമ്പൻമീശയും പിരിച്ചുകയററി ഉഗ്രമായൊന്നു നോക്കിയാൽ പേടിക്കാത്ത കുററവാളികളില്ല തന്നെ. അപ്പോൾ നമ്മുടെ രാജ്യത്തിൽ നീതിന്യായം പാലിക്കുന്നതിൽ മീശ സാരമായ പങ്കുവഹിക്കുന്നുണ്ട്.

രണ്ടുപേർ തമ്മിൽ വഴക്കു കൂടുമ്പോൾ ഒരാൾക്ക് അപരന്റെ മീശയോടാണ് കൂടുതൽ ദേഷ്യം. 'നിന്റെ മീശ വിറ

ച്ചാലൊന്നും ഞാൻ പേടിക്കില്ല' എന്നു് നാം തന്നെ പലപ്പോഴും പറയാറുള്ളതാണല്ലോ? അപ്പോൾ നാം കോപിക്കുമ്പോൾ മീശക്കും ഉഗ്രമായി ദ്വേഷ്യം വരുന്നു, അതിന്നു് കാരണമുണ്ടു്. മീശ നമ്മുടെ ആണത്തത്തിന്റെ പ്രതീകമാണു്. വേറൊരുത്തൻ നമ്മുടെ ആണത്തത്തെ ചോദ്യം ചെയ്യുമ്പോൾ മീശ അടങ്ങിയിരിക്കുമോ? ഒരിക്കലുമില്ല. മീശ വിറപ്പിച്ചിട്ടാണു് ഭയപ്പെടുത്തുവാൻ സാധിക്കുകയെങ്കിൽ അതുപോലെ അതു ചെയ്യും. പിന്നെ മീശയെ പിഴി പറഞ്ഞിട്ടെന്തുകാര്യം. നമ്മുടെ മീശ ആരുടെ മുമ്പിലും തലകുനിക്കുകയില്ല. എപ്പോഴും ആണത്തത്തെ കാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അതായിരിക്കാം ഒരു രസികൻ ഒരിക്കൽ ഇങ്ങിനെ പറഞ്ഞതു് 'അടുപ്പിൽ ചേര പാഞ്ഞാലും മീശക്കു നെയ്യുപുരട്ടി സിഗരററും വലിച്ചു നടക്കുന്നു' എന്നു്. അതായതു് നമ്മുടെ വീട്ടിൽ ദാരിദ്ര്യമാണെങ്കിലും അതു മറച്ചുവെച്ചുകൊണ്ടു ആത്മാഭിമാനത്തെ രക്ഷിക്കുവാൻ മീശശ്രമിക്കുന്നു.

പണ്ടുകാലത്തെ രാജാക്കന്മാർ തന്റെ മീശയെ പരിപാലിക്കുവാൻതന്നെ ഒന്നും രണ്ടും ജോലിക്കാരെ നിയമിച്ചിരുന്നപോൽ! പ്രഗത്ഭനായ ഒരു രാജാവിന്നു് തന്റെ മീശ ചുരുട്ടിയാൽതന്നെ നാടുമുഴവൻ കിടുകിടാ വിറപ്പിക്കുവാൻ സാധിക്കണം എന്നുള്ളതായിരിക്കും ഇതിന്റെ ഉദ്ദേശ്യം.

"സ്റ്റാലിന്റെ മീശ കനത്തമീശ —
ആ മീശപോലുള്ളൊരു മീശയില്ല''.

എന്നു ചങ്ങമ്പുഴ പാടിയതു് ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണു്. ഇതിൽനിന്നും നമുക്കൊന്നു മനസ്സിലാക്കാം. അതായതു് മീശക്കു് ഇന്നുമാത്രമല്ല പ്രാധാന്യം വന്നിട്ടുള്ളതു്, അതിനു ചരിത്രാതീതകാലം മുതൽക്കുതന്നെ അതിന്റേതായ പ്രതാപവും, പ്രൗഢിയും, ഗാംഭീര്യവും, ആണത്തവും ഉണ്ടായിരുന്നുവെന്നു്.

# ഞാൻ കണ്ട മൈസൂർ

പി. പി. സുബൈദ, ജൂനിയർ പി. ഡി. സി.

1964 ഡിസംബർ 20. അന്നു് ഞങ്ങളെ സംബന്ധിച്ചേടത്തോളം മറന്നാലും മറക്കാനാവാത്ത സുദിനമായിരുന്നു. വളരെ



കാലമായി ഞങ്ങൾ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചിരുന്ന മൈസൂർ യാത്രാപരിപാടി അന്നാണു് സാധിതമായതു്. പ്രകൃതിയുടെ പ്രതിഭാസം പ്രതിഫലിപ്പിച്ചു കൊണ്ടു മനം കവരുന്ന സാനുക്കളിൽക്കൂടി ഒരുല്ലാസ യാത്ര ഞങ്ങൾ ആഗ്രഹിച്ചെങ്കിൽ അതു തികച്ചും സ്വാഭാവികം മാത്രമാണു്.

പാല്ക്കടലിലെ വെള്ളം തൂകുന്ന പോലെയുള്ള മഞ്ഞിനാൽ മൂടപ്പെട്ട മാമലകളെയും, പൊട്ടിച്ചിരിക്കുന്ന കാട്ടാറുകളേയും, പച്ച വില്ലീസു വിരിച്ച മൈതാനങ്ങളെയും പിന്നിട്ടു കൊണ്ടു ഞങ്ങളുടെ കാർ വായുവേഗത്തിൽ മുന്നോട്ടു പായുകയായിരുന്നു. വയനാടൻ കുന്നുകളുടെ കിഴക്കെ ചക്രവാളത്തിൽനിന്നു് ആദിത്യൻ സ്വർണ്ണരശ്മികൾ വിതറി തന്റെ ഡ്യൂട്ടിക്കു് തയ്യാറെടുക്കുകയാണു്. റോഡിന്റെ ഇരുവശങ്ങളിലും കനകക്കുലകളും താങ്ങിപ്പിടിച്ചു കൊണ്ടു് പ്രൗഢഗംഭീരമായി എഴുന്നു നില്ക്കുന്ന കേര വൃക്ഷങ്ങൾ കിഴക്കൻ തെന്നലിൽ മന്ദം മന്ദം തലയാട്ടി ഞങ്ങൾക്കു് യാത്രാനുമതി നല്കുന്നതു് കാണാമായിരുന്നു. കീഴ്ക്കാം തൂക്കായ കിടങ്ങുകളാലും, ഉയർന്ന പർവ്വതനിരകളാലും വലയംചെയ്തു, വളഞ്ഞുപുളഞ്ഞു് ദുർഘടം പിടിച്ച പല ചുരങ്ങളെയും പിന്നിട്ടു കൊണ്ടു് ഞങ്ങൾ മൈസൂർ അതിർത്തിയിലെത്തി. ഇവിടന്നങ്ങോട്ടു് നിരപ്പായ റോഡുകളും, കാപ്പിച്ചെടികളും, നാരങ്ങത്തോട്ടങ്ങളും നീണ്ടു പരന്നു കിടക്കുന്നതു് കണ്ടു. പൗരാണിക മൈസൂരിന്റെ പ്രതാപം വിളിച്ചറിയിക്കുന്ന വിസ്തൃതമായ റോഡിൽക്കൂടി മൈസൂരിന്റെ ഹൃദയാന്തർഭാഗത്തു് എത്തിച്ചേർന്ന ഞങ്ങൾ ആദ്യമായി സൗകര്യ പ്രദമായ ഒരു താമസ സ്ഥലം കണ്ടു പിടിച്ചു.

ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിനു് സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന മൈസൂരിൽ കാലെടുത്തു കുത്തിയപ്പോൾ ഞങ്ങൾ ഞങ്ങളെത്തന്നെ മറന്നുപോയി. എങ്ങും ഹൃദയം കവരുന്ന ആനന്ദകരങ്ങളായ കാഴ്ചകൾ! പ്രകൃത്യാ സുന്ദരമായിരിക്കുന്ന മൈസൂരിനെ കമനീയങ്ങളായ കെട്ടിടങ്ങളും,

കൃത്രിമോദ്യാനങ്ങളുംകൊണ്ടു മോടി പിടി പ്പിച്ചിരിക്കുന്നു. ''പ്രകാശങ്ങളുടെ നാടു്'' എന്നു മൈസൂരിനെ വിശേഷിപ്പിച്ചിട്ടുള്ളതു് അൎത്ഥവത്താണെന്നുള്ളതിനു് നിറപ്പകിട്ടേറിയ വൈദ്യുത ദീപങ്ങളാൽ അലംകൃതമായ കൊട്ടാരങ്ങരം സാക്ഷ്യം വഹിക്കുന്നു. വിസ്തൃതമായ റോഡിന്റെ ഇരുവശത്തുമുള്ള മനോഹര വൃക്ഷങ്ങരം ഞങ്ങരംക്കു് തണലേകി. ആ വൃക്ഷഛായകളിലിരുന്നു അല്പം വിശ്രമിച്ചതിനുശേഷം നഗരമാകെയൊന്നു ചുററിക്കാണാനിറങ്ങി. ചാമുണ്ഡിഹിൽ, രാജേന്ദ്രവിലാസു്, ആർട്ടു ഗ്യാലറി, ലളിതാമഹൽ, മഹാരാജാസു് പാലസു്, വൃന്ദാവൻ, കൃഷ്ണരാജസാഗർ ഡാം, ശ്രീരംഗപട്ടണം മുതലായവയാണു് ഞങ്ങരം സന്ദർശിച്ച പ്രധാനപ്പെട്ട സ്ഥലങ്ങരം.

സമുദ്രനിരപ്പിൽനിന്നു് ഏകദേശം 8400 അടി ഉയരത്തിലാണു് ചാമുണ്ഡിഹിൽ സ്ഥിതിചെയ്യുന്നതു്. മൈസൂരിന്റെ ഏതു കോണിൽനിന്നു് നോക്കിയാലും ഈ കുന്നു് ഉയൎന്നുനില്ക്കുന്നതു കാണാം. പ്രസിദ്ധ ചാമുണ്ഡീശ്വരിക്ഷേത്രവും, മൈസൂർ മഹാരാജാവിന്റെ വിശ്രമവസതിയായ രാജേന്ദ്രവിലാസവും സ്ഥിതിചെയ്യുന്നതിവിടെയാണു്. നിറപ്പകിട്ടേറിയ വൈദ്യുത ദീപങ്ങളാൽ അലംകൃതമായ ഒരു ക്ഷേത്രമാണതു്. ഈ കുന്നിനു മുകളിൽനിന്നു നോക്കിയാൽ മൈസൂർ നഗരം മുഴുവനും വളരെ സൌന്ദര്യത്തോടെ കാണാൻ കഴിയും.

മൈസൂരിലെ പ്രധാനപ്പെട്ട ഒരു ഉത്സവമാണു് ദസറ. ദസറ ആഘോഷിക്കുമ്പോരം മഹാരാജാവിരിക്കാറുള്ള രത്നസിംഹാസനം ദർബാർഹാളിന്റെ മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്നു. വൈദ്യുത ദീപങ്ങളാൽ അലങ്കരിച്ച ഈ കൊട്ടാരം കണ്ണിനു് പുതുമയേകുന്ന ഒന്നാണു്.

അടുത്തതായി ഞങ്ങരം കണ്ടതു് ലളിതാമഹൽ ആണു്. വെണ്ണക്കല്ലിനാൽ ആണു് ഈ കൊട്ടാരം നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്. ഒരു ഗസ്റ്റ്ഹൗസായിട്ടുപയോഗിക്കുന്ന ഇതിൽ കലാപരിപാടികരം നടത്തുന്നതിനുള്ള ഒരു സ്റ്റേജും കാണികരംക്കു് സൗകര്യമായി ഇരിക്കുന്നതിനുള്ള ഇരിപ്പടങ്ങളുമുണ്ടു്.

പിന്നീടു് ഞങ്ങരം സന്ദർശിച്ചതു മൃസിയമാണു്. അന്യരാജ്യങ്ങളിൽനിന്നു് വരുത്തിയിട്ടുള്ള വിവിധ തരത്തിലുള്ള പക്ഷികളും മൃഗങ്ങളും ഇവിടെ ഉണ്ടു്. ആകർഷിക്കത്തക്ക സൗന്ദര്യമുള്ള ഈ പക്ഷിമൃഗാദികളെ നോക്കിക്കാണുന്നതു് വളരെ കൗതുകമാണു്.

അതിനു്ശേഷം ഞങ്ങളെ സ്വാഗതം ചെയ്തതു് സുന്ദരാരാമമായ വൃന്ദാവനവും, കൃത്രിമ ജലധാരകളും, വെള്ളച്ചാട്ടങ്ങളും ഉരംക്കൊണ്ടതായ കണ്ണുമ്പാടിയും ആയിരുന്നു. മനോഹരമായ വൃന്ദാവനത്തിലേക്കു് കടക്കുന്നതിനു മുമ്പു് നമ്മെ സ്വാഗതം ചെയ്യാനെന്നവണ്ണം ''കൃഷ്ണരാജസാഗർഡാം'' അങ്ങനെ തലയുയൎത്തി നില്ക്കുന്നു! ഇതിനു് സമുദ്രനിരപ്പിൽനിന്നു് 3400 അടിയോളം ഉയരമുണ്ടു്. ഇതിന്റെ നീളം 8660 അടി ഉയരം 130 അടിയുമാണു്. അടിഭാഗത്തു് 111 അടിയും മുകളിൽ 14½ അടിയും വിസ്താരമുള്ള ഈ ഡാം കാവേരി നദിയിലാണു് സ്ഥിതി ചെയ്യുന്നതു്!

എരിഞ്ഞു നില്ക്കുന്ന വൈദ്യുത ദീപങ്ങളാൽ, വിവിധ വൎണ്ണോജ്ജ്വലമായ ധാരായന്ത്രങ്ങളും, വെള്ളച്ചാട്ടങ്ങളും ഞങ്ങളിൽ ആനന്ദാനുഭൂതി ഉളവാക്കി. ആ വെള്ളച്ചാ

ത്തിൽനിന്നും ഉയരുന്ന ജലസീരകരം അങ്ങു ദൂരത്തോളം ഒരു കൊച്ചു മൂടൽമഞ്ഞിൻെറ സാമ്രാജ്യം സൃഷ്ടിക്കുകയാണു്! ആ കുതിച്ചുപൊങ്ങുന്ന വെള്ളത്തുള്ളികളിൽ നിറപ്പകിട്ടേറിയ വൈദ്യുതരശ്മികരം തട്ടുമ്പോരം നൂറു നൂറു മാരിവില്ലുകരം തെളിഞ്ഞുമിന്നുന്ന പ്രതീതിയാണു് അനുഭവപ്പെടുന്നതു്!! അകലെ കിടക്കുന്ന തടാകങ്ങളും അതിലെ കളിബോട്ടിലൂടെയുള്ള സവാരിയും ഒരിക്കലും ഹൃദയത്തിൽനിന്നു് മായുകയില്ല!

അവസാനമായി ഞങ്ങരം സന്ദർശിച്ചതു് ശ്രീരംഗപട്ടണമാണു്. മൈസൂരിൽനിന്നു് ഏകദേശം 14 മൈൽ അകലെയാണു് ഈ സ്ഥലം സ്ഥിതിചെയ്യുന്നതു്. അവിടെഎത്തിയപ്പോരം പ്രകൃതിയാകെ മാറിയ അനുഭവമാണുണ്ടായതു്. എങ്ങും ശ്മശാനമൂകത! ധീരതയുടെ നേതാവും, പ്രതിഭാശാലിയുമായ ഠിപ്പുവിൻെറ ഓമ്മയെ നിലനിത്തുന്ന കോട്ടയും, കിടങ്ങും, കൽത്തുറുങ്കും, ശവകുടീരവും ഇന്നും അതുപോലെ സ്ഥിതിചെയ്യുന്നു!! ഇന്നു കാടും പടലും നിറഞ്ഞുകിടക്കുന്ന ശ്രീരംഗപട്ടണം ഒരു കാലത്തു് മൈസൂരിൻെറ തലസ്ഥാനമായി ശോഭിച്ചിരുന്നു. പൊളിഞ്ഞു ചിന്നിച്ചിന്നമായി കിടക്കുന്ന കോട്ടയുടെ അവശിഷ്ടങ്ങരം അവിടെ കാണാം.

ഠിപ്പുവിൻെറയും, മാതാപിതാക്കളുടെയും ശവകുടീരങ്ങരം കുടികൊള്ളുന്നതു് ഇവിടെനിന്നു് ഏകദേശം രണ്ടുനാഴിക അകലെയാണു്. അതിനുള്ളിലെ എരിയുന്ന ചന്ദനത്തിരിയുടെ സുഗന്ധവും, മങ്ങിക്കത്തുന്ന കെടാവിളക്കും ആ ശോകമൂകമായ അന്തരീക്ഷത്തിൽ തളംകെട്ടിനില്ക്കുന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു ഓരോരുത്തരുടെയും ഹൃദയത്തിൽ ആ ധീരയോദ്ധാവിൻെറ ദാരുണമായ അന്ത്യത്തെപ്പററി അല്പമൊന്നു ചിന്തിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ടു്.

വിജ്ഞാനപ്രദവും വ്യവസായ പ്രധാനവുമായ പലതും മൈസൂരിൽ സ്ഥാപിതമായിട്ടുണ്ടു്. സില്ക്കു തുണികരം നിമ്മിക്കുന്ന ഫാക്ടറികരം ചന്ദനത്തൈലം ഉണ്ടാക്കുന്ന ഫാക്ടറി മുതലായവ ഇതിലുരംപ്പെടുന്നു.

മഞ്ഞണിഞ്ഞ മാമലകളെയും കന്യകാമണികളെപോലെ പാട്ടും പാടി ഒഴുകുന്ന കാട്ടാറുകളെയും, പച്ച വില്പരീസു വിരിച്ച മൈതാനങ്ങളെയും പിന്നിട്ടു കൊണ്ടു് ഞങ്ങളുടെ കാർ കേരവൃക്ഷങ്ങരം തഴച്ചു വളരുന്ന കേരളത്തിലേക്കു് 1964 ഡിസംബർ 25നു് യാത്ര തിരിച്ചു.

# OUR NATIONAL CHARACTERISTICS

P. K. MUHSIN, II P. D. C.

"UNITY in diversity" is a vigorous example of our national characteristc. It is the character of an Indian



to live peacefully, believing in unity. There are a lot of languages in India and there are many races. To view in this light, it will lead us to many kinds of diversities. But it is the peculiarity of an Indian to find unity even in diversity.

Religious tolerance is another excellent characteristic of an Indian. Although there are only some three or four major religions there are a large number of minor religions. If the follower of one religion does not like the existence of other religions, then it is not easy to lead a peaceful life. The very reason why we are able to live peacefully is that we believe in religious toleration.

We have the famous example of 'Panch Shila' before us. Peaceful co-existence is one of the five principles of 'Panch Shila'. 'Panch Shila' has some thing more to advise. It points out not to interfere in the internal matters of others or other nations. We cannot forget the fact there is some social unrest in some parts of the country. But it is a crystal-clear fact that we have the tendency to co-exist peacefully. It is a matter of common experience that we have been attacked by our neighbours. But lest we sacrifice our principle, we are not attacking them instead.

Indians are famous for their hospitality from time immemorial. There are so many stories in the "Mahabharata" and other ancient works illustrating our hospitality. Had we not been hospitable we would not have welcomed 'the East India Company' and by and by become its slaves. The Vedas teach us to treat guests as Gods and try to please them to the greatest extent possible. Were we not hospitable we would not have given a reception to the Dalai Lama and given him political asylum. We can enumerate a lot of examples of our hospitable character.

Besides the version in the Vedas

that "Ahimsa paramo Dharma" we have the shining example of Mahatma Gandhi who had exemplified his life by becoming the preacher and follower of 'Ahimsa'. It will be a wonder to a foreigner when he hears that we have won our freedom through 'non-violence' or 'Ahimsa' under the great leadership of Mahatma Gandhi. There were many close followers of Mahatma Gandhi like Pandit Nehru, who believed in 'Ahimsa' and acted according to these principles.

Veracity is another shining example of our national characteristics. Our famous leader Mahatma Gandhi had advised us to preserve veracity even when our lives are in peril. In the works of some ancient authors we get stories of Harishchandra who was ready even to sacrifice his life for the sake of veracity. 'Truth' is an accepted goal of Indians.

Besides these naked facts we have the courage to be proud of our o culture. Many of us are not ready imitate others blindly. Although i not a true sign of nationalism so people have made up their minds replace English by one of our natio languages.

Spiritualism and other worldli are two accepted principles of India Many think that after all, this life i farce and we should do good to oth in the short span of our life. M people are not at all particular ab this world. We are not amazed w we see the materialistic progress Western nations.

On the whole we have a sepa way of living and thinking. philosophy of life is completely diffe from that of the other people. Eve the U. N. O. we can observe separate role of Indian culture. We not imitating others. We are hi generous and spiritual.

# PLANNING FOR SELF-SUFFICIENCY

AYSHA BEEBI, III B. A.

DEFENCE orientation is to-day the watchword of a nation. Almost every national activity is being viewed in this perspective. Due to the hostilities with Pakistan, rethinking on the Fourth Plan has become necessary. This is meant not only to serve the defence of the country but to make it independent of foreign aid. Of course, foreign aid may not be completely denied. Its suspension has to do with avoiding its diversion for war purposes to which the aid giving countries are opposed. But food required to save the country from famine will never be withheld.

The conditions of foreign aid may be tightened by which more delay may result. But it may not lead to the substantial reduction of volume of aid. This means that we must decide for ourselves, if we should continue our dependence on aid. On the one hand it humiliates us and subjects our economy to a precarious mortgage on the other. It is now recognized that foreign aid including PL-480 by which imports are received has done the economy more harm than good.

Certain factors which meant substitution and reduction of our imports are the following. In the first place the greater part of the aid has gone to public sector enterprises. This implies diversion from consumer goods and natural demands of the market. Secondly, there has been a creation of excess production capacities which are by the suspension of imports on which they depend. Thirdly, there has been undue accumulation of inventeries, partly because the market cannot absorb the high—cost of a production and largely because hoarding pays in a close market. Next, there has been illicit income from the masses of the people to the opportunists. In fact, democratic countries are beginning to realize that their aid has created opportunists.

In the light of these factors, we have to consider the substitution as well as reduction of our imports and foreign aid required for them. Drastic reduction is impossible; for it will affect the entire economy in respect of production, employment and finance. In the post war years our foreign trade amounted to Rs 800 crores of exports and Rs. 650 crores of loans and grants, against imports of Rs. 1,300 crores of which Rs 300 crores for food, Rs. 500 crores were for main — tenance imports and Rs. 500 crores for capital goods.

Food imports have received much attention because they are replaceable with the efforts of the people themselves. The problem is not only of production, but, of distribution also i. e. the two affect each other. The Govern-

ment had suspended the control between 1952 and 56. Consequently the production which was 52.70 millions in 1951-52 jumped to 68·63 million in 1953 and 54. At the same time, the price index of food grains dropped from 100 in 1952-53 to 73·1 in 1955-56. Since then, controls were reimposed, which resulted in an increase in production. The index figure of food grains prices is now 170 and still rising.

Currently, the Government has intensified to ration all cities of a population of one lakh and more. Statutory rationing will fail in its aim because the 8·oz ration will be supplemented by all who have money. Secondly, it is doubtful whether the Government will be able to procure even 6 million tons at this rate of ration, when it could procure only 2 million last year. Modification of controls may reduce prices and increase production.

At present the average out turn per acre for rice is 900 lb, for wheat 750 lb and for all grains 600 lbs. In Italy, Japan and Egypt the average for rice is 3000 lbs. while individual reached a record of 7,000 lbs. There would be an extra four million tons of rice if our average were raised even to 1,000 lbs. It could wipe out our deficit. But it has not been possible to raise the average even after 15 years of planning. Because Government's advice and aid can reach only the smallest fraction of the 50 million holdings in the country. The government's aid to the farmer is for irrigation, fertilizers, improved seed and unemployment and tractors. The import of chemical fertilizers was only 4.4 lakh tonnes in 1963-64 agains target of a million, which is itself i siderable. Improved seed was exp to cover by 1963-64 an area of 39 m acres out of the total food grain of 283 million. The distributi improved implements is insignifi Hence, we can boldly say that go ment's aid is too small and the ach ment much smaller.

In a predominantly agricul country like India self-sufficien food is essential. Therefore, agricul productivity can be raised by the e of the cultivators themselves. S the government has only given a through its extension officers and de stration plots. The cultivators not responded to any extent as have no confidence in the trained And the methods devised by thi are beyond the capacity and the prehension of the ordinary cultiva

In 1964-65 maintenance i involved a foreign exchange of R crores. This is the result of indus zation imposed by planning. I substitution should be enforced largest possible extent in order to tain production.

The increased allocation o ways also is to be welcomed. Ra capacity would be doubled if all lines were double tracked withou foreign exchange either for co ction or fuel. In fact, the f traffic on roads was confined to distances, not parallel with the ways, the existing number of v should suffice by themselves or b nibalization.

It is ironical that, we have still to import Rs 107 crores worth of iron and steel, even after the establishment of three steel factories. The solution offered of substitution involved the import of more capital goods.

The present import of Rs. 500 crores of capital goods may be cut off because of the hostilities with Pakistan. Other countries may not be interested to increase our industrial capacity until the Kashmir issue is settled. Therefore, it seems that we shall have to let up on the import of capital goods.

Planning for self-sufficiency will, therefore, have to look inward for industry and outward for agriculture. It will have to increase employment that labour is our greatest asset. Monetary policy has to become steady and stable, as it has to be an instrument of the economic transformation which is necessary. Secondly, it will have to adjust itself to loss of revenue from the reduction of imports and industrial production. Thirdly, production has to be increased through incentives like tax certificates and development rebates. Finally, it will have to check waste both in civil and military expenditure.

In all these changes Government should take the assistance of all parties and all experts. Otherwise, the mistakes of the Government and the Planning Commission cannot be recognized or rectified. The Government should start dialogues in the press, and platform and in committees to obtain ideas. These ideas have to be impartially discussed and determined. Freedom of right thinking is the first step to defend the freedom of the country.

# RABIES—CAUSE AND CURE

K. P. UMAR BARAMY, B. Sc. III

IN our country it is not uncommon for a stray dog to suddenly attack a passer-by, and even bite him. Does everyone know that the bite of a dog can cause rabies, and death? There are continuous reports of deaths from this infection, from all over the country.

## WHAT IS RABIES

Rabies is caused by a tiny organism called *rabies virus*. It is transmitted by a mad (rabid) animal through a wound usually produced by biting. The saliva of the diseased animal contains the disease-causing virus. All warm-blooded animals can get this disease but it is most common in dogs and to a certain extent in jackals, wolves, foxes, hyenas, cattle, sheep and goats and even horses. Man contracts the disease from an animal, usually the dog, which, in its turn, may have been infected by another rabid dog or jackal. Rabid animals also die, in their turn, within a week or ten days of getting the disease.

## HOW THE DISEASE DEVELOPS.

The time required for the disease to develop in man may vary from 14 days to one year. This is why so many people with this disease die in our country. A man may be bitten by a dog and forget all about it until, after some months, he develops the drea ful disease. The disease develops muc more quickly if the bite of the rab



animal is on the face or the neck. B generally the disease shows its between one and two months after t bite.

The disease is present in the sali of the animal and gets into the bo of the man through the wound caus by the bite or scratch.

## WHAT HAPPENS TO THE RABID DOG

The dog, usually a friendly anim suddenly becomes irritable and nerv so that even a little noise upsets hi He snaps and bites at imaginary obje

and chews and swallows such things as rags, straw and pieces of wood and sometimes even bites his own body. He has difficulty in breathing and loses his appetite. The eyes became blood shot and the pupils become unequal. The dog develops a change of voice (a hoarse howl followed by a succession of braying barks in a lower pitch.) At the height of the infection the animal becomes vicious. If free, he runs for miles attacking any living thing which comes across his path including human beings. During this he finds it extremely difficult to swallow food and water and hence he avoids both. Saliva continuously trickles from his mouth due to the difficulty in swallowing. This condition ends in Paralysis. The animal dies within five days after the onset of the disease.

## SIGNS IN HUMAN BEINGS

In the case of man the disease develops in three stages. In the first stage, the patient feels irritation, pain, and often some numbness in the area of the bite. As the infection extends, and reaches the nervous system, the patient becomes depressed and irritable. His voice becomes husky and he cannot easily swallow. This condition is followed by the second stage which is one of excitement and the patient gets sudden spasms of the muscle of the throat while swallowing. This condition becomes so severe that even the mere sight or mention of food or water or any sudden sharp noise may bring about the spasms. The body temperature may go up to 103 degrees. This condition hardly lasts for three days because either the patient dies during one of the convulsive stages or is struck down with paralysis. In any case, death comes within a week. In the latter stages there is no treatment that can help the sufferer and it is therefore clear that one cannot afford to take chances with a dog or animal bite, however trivial it may seem.

## WHAT TO DO WHEN BITTEN BY A DOG

i) Always act as though every animal which bites is rabid, unless proved otherwise later.

ii) Tie a tight band just above the wound to prevent further spread of the infection.

iii) Open up the wound and wash it with soap and water. Any soft soap will do provided it is used freely and reaches the depths of all pockets of wounds. Use a strong jet of water from the tap or from a jug while washing the wound as the strong action of the stream will help to remove the virus.

iv) The wounds should be dried and then cauterized with carbolic acid. A fine swab or probe, tipped with cotton-wool, should be used in cauterizing to ensure that all deep wounds are reached to their full depth. After the carbolic acid, the wound should be swabbed with absolute alcohol, rectified or methylated spirit, to neutralize excess of carbolic acid and prevent unnecessary destruction of tissues.

## PROTECTIVE VACCINATION

Fortunately we have a potent vaccine to prevent rabies. After the

preliminary cauterization, if that has been possible, the person bitten by an animal should be taken at once to the nearest dispensary where the doctor will give a series of injections. The protective effect of vaccination starts within two weeks. That is before the disease can develop, and thus gives complete protection.

Remember that a course of injections is essential. To ward off this fatal disease a complete course must be taken—however troublesome it may be. It is the only escape from certain death.

## CONTROL OF RABIES

As stated above, rabies, is caused by the bite of an infected animal. So in the interest of public health this may be done:

1) Dogs should be protected aganis rabies, by innoculation. All protecte dogs should be properly tagged.

2) All who keep pets and hav children should teach their little on not to allow dogs to lick them and n to put their hands into the mouths their pets.

3) All stray dogs must be killed. Th local municipal authorities will alwa cooperate with the public in this matte

Even when pet animals a vaccinated and tagged, the danger rabies will remain, so long as wi animals such as jackals, and wolves sti visit human habitation and atta domestic animals.

Destruction of all such wild a stray animals is the final solution the problem.

# സമാധാനത്തിൻെറ അവതാരം

**പി. പി. ഉമ്മർ ഫറൂഖ്,** പി. ഡി. സി.

"നമുക്കൊന്നിച്ച് ശ്രമിക്കാമെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ശാശ്വതമായ ലോക സമാധാനം സ്ഥാപിക്കുവാൻ സാധിക്കും''. ശ്രീ. ക്രൂഷ്ച്ചേവിന്നയച്ച ഒരു കത്തിൽ പരേതനായ കെന്നഡി പ്രകടിപ്പിച്ച പ്രത്യാശയാണിത്. ദൗർഭാഗ്യമെന്ന് പറയട്ടെ, തൻെറ സ്വപ്നം സാക്ഷാല്ക്കരിക്കുന്നതിന്നു് മുമ്പ്തന്നെ മഹാനായ കെന്നഡി, ലോകത്തിൻെറ വിശാലവിഹായസ്സിൽ സമാധാനത്തിൻെറ സുമധുരസംഗീതം പൊഴിച്ചുകൊണ്ട് തത്തിക്കളിച്ചിരുന്ന ആ വാനമ്പാടി, വർഗ്ഗസംഘട്ടനങ്ങളുടെ കൊലയറയായ ഡല്ലാസിൽവെച്ച് വിധിയുടെ തടുക്കാനാവാത്ത അസ്ത്രമേററു് നിലംപതിച്ചു. ലോകം ഞെട്ടിത്തെറിച്ചു; സമാധാനപ്രേമികരം അന്ധാളിച്ചു; ലോകനേതാക്കരം പൊട്ടിക്കരഞ്ഞു; ലോകത്തിലെ ജനകോടികരം ആ കഥകേട്ട് കിടുകിടാ വിറച്ചു; അന്തിച്ചുനിന്നു; വേദനതാങ്ങാനാവാതെ ഹൃദയംപൊട്ടിമരിച്ചു. തങ്ങളുടെ കടുംബത്തിൽ ഒരാരം മരിച്ചുപോയാലുള്ള വേദന. ഒരു മരണത്തിലിത്രമാത്രം സങ്കടപ്പെടാനുണ്ടോ? പക്ഷെ ഇതൊരു വെറും സാധാരണ മരണമല്ല; ഒരു യുഗം അവസാനിച്ചിരിക്കുന്നു; യുഗയുഗാന്തരങ്ങളിലായി മനുഷ്യൻ നേടിയെടുത്ത ജീവിതമൂല്യങ്ങരം തല്ലിയുടക്കപ്പെട്ടിരിക്കുന്നു. കെന്നഡി ഭരണക്കൂടത്തെ ഏററവും അധികം എതിർത്ത ജനറൽ ഡിഗോളിൻെറ വാക്കുകളിൽ പറഞ്ഞാൽ— ''ഈ കാലഘട്ടത്തിലെ ഏററവും നീചമായ ഒരു കർമ്മം ആധുനികലോകത്തിലെ ഏററവും മഹാനായ ഒരു നേതാ



വിനെ ഒടുക്കിയിരിക്കുന്നു. തൻെറ കർത്തവ്യനിർവ്വഹണത്തിന്നിടയിൽ, രാജ്യസേവനത്തിന്നിടയിൽ, ഒരു വീരയോദ്ധാവിനെപ്പോലെ രക്തസാക്ഷിയായിക്കൊണ്ടാണു് കെന്നഡി വെടിയേററു മരിച്ചതു്''. കെന്നഡിയുടെ മരണവാർത്ത വളരെ ദുഃഖത്തോടെ കേട്ട റോമൻ കത്തോലിക്കാ തിരുസഭയുടെ അദ്ധ്യക്ഷനായ മാർപ്പാപ്പാ പോരം ആറാമൻ തിരുമനസ്സ് ആ ''മഹാനായ രാഷ്ട്ര തന്ത്രജ്ഞന്നു'' വേണ്ടി പ്രാർത്ഥിക്കുവാൻ തൻെറ പ്രത്യേക—സ്വകാര്യ—പ്രാർത്ഥനാമന്ദിരത്തിലേക്കോടി. വളരെ വർദ്ധിച്ച കാര്യങ്ങരം ചെയ്യാൻ സാദ്ധ്യതയുണ്ടായിരുന്ന വളരെ നല്ലൊരു ചെറുപ്പക്കാരനായിരുന്നു കെന്നഡി. അദ്ദേഹത്തിൻെറ വേർപാട് ലോകത്തിന്നു് ദുസ്സഹമായിരുന്നു. ഇന്നേവരെ ആർക്കും നല്കിയിട്ടില്ലാത്ത ഒരാദരാഞ്ജലിയാണ്, ദേശീയവും മതപരവും ആശയപരവുമായ എല്ലാ ഭിന്നതകളും വിസ്മരിച്ചുകൊണ്ട്, ലോകം കെന്നഡിക്കു്

നല്കിയതു്. വിവിധ രാജ്യങ്ങളിലെ രാജാക്കന്മാരും, പ്രസിഡണ്ടു്മാരും, പ്രധാനമന്ത്രിമാരും, വിദേശകാര്യമന്ത്രിമാരും വാഷിംഗ്ടണിലേക്ക് കുതിച്ചപ്പോഠം, ഫ്രാൻസിലെ പ്രസിഡണ്ടു് മുതൽ റഷ്യയിലെ ഒന്നാം ഉപപ്രധാനമന്ത്രി തൊട്ടു് പാക്കിസ്ഥാനിലെ വിദേശകാര്യമന്ത്രിവരെയും, ബൽജിയൻ രാജാവു് മുതൽ എത്യോപ്യയിലെ ചക്രവർത്തിവരെയും വന്നെത്തിയപ്പോഠം നമ്മുടെ പ്രധാനമന്ത്രി ശ്രീ. നെഹറു മാത്രം ശങ്കിച്ചുനിന്നു.

കെന്നഡി, യുഗപ്രഭാവനായ ആ മഹാപുരുഷൻ, ലോകസമാധാനത്തിന്നും, വർഗ്ഗരഹിതമായൊരു സമൂഹത്തിന്നും വേണ്ടി ത്യാഗത്തിൻെറ പടക്കളത്തിലിറങ്ങിയ ലോകജനതയുടെ കണ്ണിലുണ്ണിയായിരുന്നു. വളരെ ചുരുങ്ങിയകാലംകൊണ്ടു് ലോകസമാധാനത്തിന്നു് ഇത്രയും വലിയ ഒരു സംഭാവന നല്കിയ മറെറാരു വ്യക്തിയും ചരിത്രത്തിലില്ല. ലോകസമാധാനം ഭഞ്ജിക്കപ്പെട്ടേക്കുമോ എന്നു് ഭയപ്പെടത്തക്ക പല സന്ദർഭങ്ങളും രണ്ടിലധികം കൊല്ലത്തെ തൻെറ ഭരണകാലത്തു് ലോകത്താവിർഭവിച്ചപ്പോഠം കുഴപ്പങ്ങഠംക്കു് സമാധാനപൂർവ്വം പരിഹാരം കാണുന്നതിൽ മഹത്തായ സംഭാവനകളാണു് കെന്നഡി നല്കിയതു്. ലോകസമാധാനത്തെയും, വർഗ്ഗരഹിതമായ സമൂഹത്തെയും, ലോകനീതിയേയും ലേലം ചെയ്യാൻ ശ്രമിക്കുന്നവരെ അദ്ദേഹം അടിച്ചമർത്തുകയും, ധീരതയോടെ നേരിടുകയും ചെയ്തു. ശാന്തനും, ധീരനുമായിരുന്ന കെന്നഡി. ലോകത്തെ മുഴവൻ പ്രകമ്പനം കൊള്ളിച്ച ഒന്നായിരുന്നു ക്യൂബാപ്രശ്നം. ഒരു കണക്കിൽ അതു് അമേരിക്കയുടെ രാജ്യരക്ഷാപ്രശ്നം മാത്രമായിരുന്നു. രണ്ടു വൻശക്തികഠം തമ്മിലുള്ള തർക്കമായതുകൊണ്ടു് അതൊരു ലോകപ്രശ്നമായെന്നേയുള്ളു. തൻെറ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെയും, ഭദ്രതയേയും ചോദ്യം ചെയ്യുന്ന, അമേരിക്കയുടെ പടിവാതിലായ ക്യൂബയിലെ മിസ്സൈൽ താവളങ്ങഠം ഉടനെ പൊളിച്ചു നീക്കാത്തപക്ഷം അവ നശിപ്പിക്കേണ്ടതു് തൻെറ രാജ്യത്തിൻെറ സുരക്ഷിതത്വത്തിന്നാവശ്യമാണെന്നു് കെന്നഡി മനസ്സിലാക്കി. അതേ അവസരത്തിൽ ആ പ്രശ്നം ഒരു യുദ്ധത്തിലേക്കോ, സംഘട്ടനത്തിലേക്കോ നയിക്കരുതെന്നു് കെന്നഡിക്കു നിർബ്ബന്ധമുണ്ടായിരുന്നുവെന്നോർക്കുമ്പോഠം സമാധാനത്തിൻെറ കാര്യത്തിൽ അദ്ദേഹം എത്രമാത്രം തല്പരനായിരുന്നുവെന്നു് മനസ്സിലാക്കാവുന്നതാണു്.

വർഗ്ഗവിവേചനത്തെയും കെന്നടി നഖശിഖാന്തം എതിർത്തു. വർഗ്ഗവിവേചനം അതിൻെറ മൂർദ്ധന്യദശയിലെത്തിയ അമേരിക്കയിലെ തെക്കൻ പ്രവിശ്യയായ അലബാമയിലെ അവശന്യൂനപക്ഷങ്ങളുടെ ദയനീയ രോദനം അദ്ദേഹത്തെ വല്ലാതെ ദുഃഖിപ്പിച്ചു. അലബാമാ സർവ്വകലാശാലയിൽ ഒരു നീഗ്രോ വിദ്യാർത്ഥിക്കു പ്രവേശനം നിഷേധിക്കപ്പെട്ടതും ഈ അവസരത്തിലാണു്. നല്ലവനായ കെന്നഡി, അവിടത്തെ ഗവർണ്ണർ ജോർജ്ജ്‌വാലസ്സിനെ പരസ്യമായി വെല്ലുവിളിക്കുകയും നീഗ്രോകളുടെ സ്വാതന്ത്ര്യത്തിന്നു്വേണ്ടി ഫെഡറൽ സൈന്യത്തെ ഉപയോഗിക്കുവാൻ ധൈര്യപ്പെടുകയും ചെയ്തു. എന്തിനധികം കറുത്ത തൊലിയുള്ള അമേരിക്കൻ പൗരന്മാർക്കു് വെളുത്ത തൊലിയുള്ള അമേരിക്കക്കാരോടൊപ്പം തുല്യ പൗരത്വം നേടിക്കൊടുക്കുന്നതിന്നായി അമേരിക്കൻ കോൺഗ്രസ്സിൽ അവതരിക്കപ്പെട്ടിരുന്ന പൗരാവകാശബില്ലിന്നു് പിന്തുണ നേടുവാൻ നടത്തിവന്നിരുന്ന പര്യടനത്തിലാണു് മഹാനായ ആ ലോക നേതാവു് വധിക്കപ്പെട്ടതു്.

ലോകനീതിയെ പകൽവെളിച്ചത്തിൽ കൂട്ടക്കൊലചെയ്ത ഒരു സംഭവമായിരുന്നു, കെന്നഡി അധികാരമേറെറടുക്കുന്ന

തിന്നു് രണ്ടു് ദിവസംമുമ്പു്(1961 ജനവരി 18ാംനു-) കോങ്കോവിൽ നടന്നതു്. സ്വാതന്ത്ര്യപ്രേമികളുടെ കണ്ണിലുണ്ണിയും, ആഫ്രിക്കൻ ദേശീയതത്വത്തിന്റെ സാക്ഷാൽക്കാരവും, സ്വതന്ത്ര കോങ്കോവിന്റെ നിയമാനുസൃത പ്രധാന മന്ത്രിയുമായിരുന്ന ലുമുംബയെ ഐക്യരാഷ്ട്രകമാണ്ടിന്റെ ''മഹനീയ സാന്നിദ്ധ്യത്തിൽ'' മൃഗീയമായി വധിച്ചതായിരുന്നു ആ സംഭവം. ജൂതന്മാരെ കൂട്ടക്കൊലചെയ്ത ഹിററ്ലർപോലും ചെയ്യാൻ ലജ്ജിക്കുന്ന ഹീനകൃത്യം. ഇതിന്നു കൂട്ടുനിന്ന യു. എൻ. ഒ.യുടെ സിക്രട്ടരി ജനറൽ ഡാ ഗ് ഹാ മർ ഷോ ൾ ഡ് രാജിവെക്കണമെന്നു് സ്വതന്ത്രാഫ്രോഏഷ്യനാഫ്രിക്കൻ രാജ്യങ്ങൾ അന്നുതന്നെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1961 ഒക്ടോബർ 18ാംനു- ഹാമർഷോൾഡു് യാത്രചെയ്തിരുന്ന വിമാനം വെടിയേററു വീണപ്പോൾ അതിൽ അമേരിക്കയ്ക്കു കയ്യുണ്ടെന്നും, കെന്നഡി സമാധാനപ്രിയനല്ലെന്നും കരുതാനിടയായി. എന്നാൽ ലുമുംബയെ കൊല്ലിച്ച ഹാമർഷോൾഡിന്നു് അ ർ ഹി ക്കു ന്ന ശി ക്ഷ ലഭിച്ചുവെന്നും, കെന്നഡി സമാധാനത്തിന്റെ അവതാരവും, മൂർത്തിമത്ഭാവവും ആണെന്നും സത്യം നല്ലപോലെ അറിയാവുന്നവർ മനസ്സിലാക്കട്ടെ.

ലോകസമാധാനത്തിന്നു് ഭിന്നിപ്പുകൾ അവസാനിപ്പിക്കുകയും ഐക്യം കൈവരിക്കയും ചെയ്യേണ്ടതിന്റെ ആവശ്യകത കെന്നഡി നല്ലതുപോലെ മനസ്സിലാക്കി. ഈ ആവശ്യത്തിന്നായി, കടലും കടലാടിയുംപോലെ അകന്നു നിന്നിരുന്ന റഷ്യയെയും, അമേരിക്കയെയും കൂടുതൽ അടുപ്പിക്കുന്നതിന്നദ്ദേഹം പരമാവധി ശ്രമിച്ചു. വൈററ്ഹൗസും, ക്രംലിൻ കൊട്ടാരവും തമ്മിൽ നേരിട്ടുള്ള ''ഹോട്ട്ലൈൻ" ടലിഫോൺ ബന്ധം സ്ഥാപിച്ചതു് കെന്നഡിയുടെ മഹാവിജയമാണ്. അതുപോലെ സ്വാ ത ന്ത്ര്യ ത്തി ന്നും, സമാധാനത്തിന്നും വേണ്ടി ദാഹിക്കുന്ന ഏഷ്യനാഫ്രിക്കൻ ജനതയുടെ ഹൃദയങ്ങളിൽ മുഴുവൻ കിടിലമുണ്ടാക്കുന്ന അണുവായുധ പരീക്ഷണങ്ങൾ നിരോധിക്കേണ്ടതിന്റെ ആവശ്യകതയും കെന്നഡിയ്ക്കു ബോദ്ധ്യപ്പെട്ടു. അതിനെ തുടർന്നു് ഭാഗികമായ അണുവായുധ നിരോധ ഉടമ്പടി ഒപ്പുവെപ്പിച്ചതും കെന്നഡിയുടെ സമാധാനത്തിന്റെ നേട്ടമാണ്. ലോകസമാധാനത്തിന്നു് കമ്മ്യൂണിസത്തിന്റെ വളച്ചയെ തടയേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹത്തിന്നറിയാമായിരുന്നു. ആക്രമണത്തിലും വിപ്ലവത്തിലും മാത്രം വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകൾക്കെതിരിൽ കർശനമായ നടപടി എടുക്കാൻ തയ്യാറായ കെന്നഡി, കമ്മ്യൂണിസ്റ്റാക്രമണത്തെ ശക്തിയായി നേരിടുമെന്നു് സോവിയററു് യൂനിയന്നു് മുന്നറിയിപ്പു നല്കി.

ഇന്നു് അസമാധാനത്തിന്റെ അഗാധമായ താഴ്വരയിലേക്കിറങ്ങിക്കൊണ്ടിരിക്കുന്ന ലോകത്തു് കെന്നഡിയുടെ ഭരണകാലത്തു് സമാധാനവും ശാന്തിയും കളിയാടിയിരുന്നുവെന്നു് പറഞ്ഞാൽ അതൊരു സ ത്യം മാ ത്ര മാ യി രി ക്കും. സമാധാനത്തിന്റെ അവതാരമായ കെന്നഡി വെട്ടിത്തെളിയിച്ച മഹത്തായ സേവനത്തിന്റെ രാജപാതയിലൂടെ നീങ്ങുന്നതായാൽ ''ഇന്നല്ലെങ്കിൽ നാളെ ശാശ്വതമായ ലോകസമാധാനം സ്ഥാപിക്കുവാൻ സാധിക്കും''. കെന്നഡിയുടെ ആത്മാവിന്നു് ദൈവം നിത്യശാന്തി നല്കട്ടെ !!!

# ശാസ്ത്രിജി —

# ആത്മാർത്ഥതയുടെ ഒരു വെല്ലുവിളി

— പി. കെ. അയിരൂർ

''.......... കോസിജിൻ അല്പനിമിഷങ്ങൾക്കകം സ്ഥലത്തെത്തിയെങ്കിലും ശാസ്ത്രിജിയുടെ മൃതദേഹം മാത്രമേ അദ്ദേഹത്തിന്നു കാണുവാൻ കഴിഞ്ഞുള്ളൂ............''

''ദൈവമേ ഈ കേൾക്കുന്നത് സത്യമാണോ!''

''പിന്നെ, ആകാശവാണി പച്ചക്കള്ളമാണ് പ്രക്ഷേപണം ചെയ്യുക പതിവ്....''

അടുത്തുനിന്നിരുന്ന സുഹൃത്താണതു പറഞ്ഞത്.

അതെ, ഭാരതജനതയുടെകണ്ണിലുണ്ണിയായിരുന്ന ആ ''ചെറിയ'' മനുഷ്യൻ ഇന്നിതാ, താഷ്ക്കണ്ടിൽവെച്ചു ലോകത്തോടു യാത്ര പറഞ്ഞിരിക്കുന്നു....

തലേദിവസത്തെ താഷ്ക്കണ്ട് സമ്മേളനത്തെക്കുറിച്ചുള്ള റേഡിയോപ്രക്ഷേപണം കേട്ടുകഴിഞ്ഞപ്പോൾ അദ്ദേഹത്തെ നിശിതമായി വിമർശിച്ചിരുന്നവരും കൂടി ആ മഹാത്മാവിനെ പ്രശംസിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ.....ആ ചൂടാറുമ്പോഴേക്കും, ............... അതാലോചിക്കാൻവയ്യ.

ശാസ്ത്രിജി! ഒരു നേതാവിന്നു കിട്ടാനർഹിക്കുന്നതിലും എത്രയോ ഉന്നതമായ ബഹുമതി ഇന്നും താങ്കൾ നേടിക്കഴിഞ്ഞിരിക്കുന്നു. ........സ്വന്തം രാഷ്ട്രത്തിന്നുവേണ്ടി സ്വയം ബലികഴിച്ച ബഹുമതി........

പരേതനായ പണ്ഡിററ് നെഹ്രുവിൻെറ കാല്പാടുകളെ അടിയുറച്ച ശുഭാപ്തിവിശ്വാസത്തോടെ പിൻതുടൎന്ന ആ മഹാത്മാവിന്നു് നമുക്കും അന്ത്യാഭിവാദനങ്ങളൎപ്പിക്കുക.

ജീവിതമാരംഭിച്ച് നാലാളുകളറിയപ്പെടുവാൻ തുടങ്ങിയതു മുതൽ അദ്ദേഹം ആത്മാൎത്ഥതയുടെ തികഞ്ഞ ഒരു വെല്ലുവിളിയായി പ്രശോഭിച്ചിരുന്ന ആ ഗുണമാണ് അദ്ദേഹത്തെ ഈ ഉന്നത പദവിയിലേക്കെത്തിച്ചതും സമകാലികരുടെ ആദരണത്തിന്നു പാത്രമാക്കിയതും.

നെഹറുവെപ്പോലെ അത്ര പ്രൌഢഗംഭീരനോ അറിയപ്പെടുന്ന നേതാവോ, ഒന്നുമല്ലായിരുന്ന ആ 'കൊച്ചു' മനുഷ്യൻ കുറച്ചു മാസങ്ങൾക്കകം ഭാരതത്തിലെ ജനങ്ങളെ ഹഠാദാകൎഷിച്ചിരുന്നു. ലാളിത്യം അദ്ദേഹത്തിൻെറ മുദ്രാവാക്യമായിരുന്നു എന്നു തന്നെ പറയാം.

ശാസ്ത്രിജിയുടെ ഔദ്യോഗികജീവിത മെട്ടത്തു പരിശോധിക്കുകയാണെങ്കിൽ പടിപടിയായുള്ള ഉയർച്ചയുടെ ഒരു പ്രത്യ ക്ഷോദാഹരണംതന്നെകാണാം അവിടെ.

കോൺഗ്രസ്സിന്ന അധികാരം കിട്ടിയതു മുതൽ ശാസ്ത്രിജി ഭരണചക്രം തിരിക്കുന്നവ രുടെ കൂടെയായിരുന്നു. കുറെകാലം പരേ തനായ പണ്ഡിററ് പന്തിൻെറ പാർലിമെ ൻററി സെക്രട്ടറിയായും പിന്നീട് ആയിര ത്തിതൊള്ളായിരത്തി അൻപത്തി ഒന്നിൽ രാജ്യസഭാംഗം ആകുന്നതുവരെ മന്ത്രിസഭയി ലെ പോലീസ്-ട്രാൻസ്പോർട്ട് മന്ത്രിയായും ശാസ്ത്രിജി ജോലി നോക്കിയിരുന്നു.

കേന്ദ്ര മന്ത്രിസഭയിൽ ആയിരത്തിതൊ ള്ളായിരത്തി അമ്പത്തിരണ്ടു മുതൽ അൻപ ത്തി ആറുവരെ ട്രാൻസ്പോർട്ട് – കമ്യൂണിക്കേ ഷൻ മന്ത്രിയായും, അൻപത്തിഏഴു മുതൽ അൻപത്തെട്ടുവരെ കൊമ്മേർസ് – ഇൻഡ സ്ററ്റീസ് മന്ത്രിയായും അൻപത്തിഎട്ടു മുതൽ അറുപത്തൊന്നുവരെ ട്രാൻസ്പോർട്ട് കാര്യമന്ത്രിയായും അറുപത്തൊന്നു മുതൽ അറുപത്തിമൂന്നുവരെ ആഭ്യന്തരകാര്യ മന്ത്രി യായും അദ്ദേഹം ജോലി നോക്കിയിരുന്നു. പിന്നീട് കാമരാജ് പദ്ധതിപ്രകാരം കേന്ദ്ര മന്ത്രിസഭയിൽനിന്നും രാജിവെച്ചെങ്കിലും കുറച്ചു കാലത്തിന്നുള്ളിൽ വീണ്ടും അദ്ദേ ഹത്തിൻെറ സേവനം രാഷ്ട്രത്തിന്നാവശ്യ മായിവന്നു.

ട്രാൻസ്പോർട്ട് മന്ത്രിയായിരുന്നപ്പോൾ റെയിൽവേ അപകടം സംബന്ധിച്ച് ശാ സ്ത്രിജി മന്ത്രിസഭയിൽനിന്നും രാജിവെച്ച തു് അദ്ദേഹത്തിൻെറ ചുമതലാബോധത്തെ യാണ് കുറിക്കുന്നതു്,

നെഹ്റുജീവിച്ചിരിക്കുമ്പോൾ തന്നെ ശാസ്ത്രിജിയായിരിക്കും അടുത്തതായി ഇ ന്ത്യയുടെ ഭരണചക്രം തിരിക്കേണ്ടിവ ക എന്നതു് എല്ലാവർക്കുംസുനിശ്ചിതമാ രുന്നു.

''എനിക്കുശേഷം താങ്കൾക്കെ ജോലി നിർവ്വഹിക്കേണ്ടിവരും'' എന്ന ണ്ഡിററ്ജിതന്നെ ഒരിക്കൽ പറയുകയു യിട്ടുണ്ട്. എല്ലാ പ്രധാനപ്പെട്ടകാര്യങ്ങ കൈകാര്യം ചെയ്യുമ്പോഴും ശാസ്ത്രിജി യിരുന്നു പണ്ഡിററ്ജിയുടെ വലം ക യി പ്രവർത്തിച്ചിരുന്നത്.

ശാസ്ത്രിജിയുടെ അനുരഞ്ജനനയം ദ്ദേഹം പ്രധാനമന്ത്രി പദത്തിലേക്കു ന്നതിന്നു് എത്രയോ മുമ്പുതന്നെ പ്രസി മാണ്. രാജ്യത്തിന്നകത്തുള്ള പല ഭിന്ന കൾക്കും പരിഹാരം കാണാൻ പണ്ഡി ററ്ജി ശാസ്ത്രിയോടാവശ്യപ്പെട്ടിരു അദ്ദേഹത്തിൻെറ ഈ കഴിവ് ഏററ അധികം പ്രകടമായി കണ്ടതു് ഹസ്ര ഇക്ബാൽ പള്ളിയിലെ വിശുദ്ധാവശി മോഷണക്കേസു സംബന്ധമായാ രാജ്യത്തെതന്നെ ഒന്നാകെ പിടിച്ചു ക്കിയ ആ പ്രമാദമായ സംഭവത്തിന്നു് രിഹാരം കാണാൻ ശാസ്ത്രിജിക്കു കഴിഞ്ഞ

കൂടാതെ കഴിഞ്ഞ ദിവസം അദ്ദേ ചരിത്രപ്രസിദ്ധമായ ഒരു ചർച്ചക്ക് ത ണ്ടിലേക്ക് പറന്നപ്പോൾ ശാസ്ത്രിജിയെ ററി അറിയാവുന്ന എല്ലാവരിലും ശുഭാ വിശ്വാസമാണുളവായിരുന്നത്. അ പോലെതന്നെ സംഭവിച്ചു. ഏററവും ജ്ജീവമായ പരിതഃസ്ഥിതിയിൽ പോ താഷ്കണ്ടിൽ വെച്ചു് അദ്ദേഹം എല്ലാ ലും മന്ദസ്മിതം കാണുമാറാക്കുന്ന ഒരെ തീർപ്പുണ്ടാക്കി എന്നത് ആ 'ചെറിയ ഷ്യനെ' സംബന്ധിച്ചിടത്തോളം ഒരു മല്ല. അയ്യൂബ്ഖാൻ പോലും താഷ്കണ്

വെച്ച്ശാസ്ത്രിജിയുടെ നയത്തിൽ അതീവ സന്തുഷ്ടനായിരിക്കുന്നു.

'മഹാനായ ഒരു രാഷ്ട്രതന്ത്രജ്ഞൻ' എന്നാണ് സോവിയററു പ്രധാനമന്ത്രി അലക്സി കോസിജിൻ അദ്ദേഹത്തെപ്പററി പറഞ്ഞതു്. പാകിസ്ഥാനുമായുണ്ടായ ഘോരയുദ്ധത്തിൽ പോലും നിലതെററാതെ രാജ്യത്തെ നയിക്കുവാൻ ആ കൊച്ചുമനുഷ്യനു കഴിഞ്ഞു.

ശാസ്ത്രിജിയുടെ ചരമാവസരത്തിൽ അമേരിക്കൻ പ്രസിഡണ്ട് പറഞ്ഞതു് ശ്രദ്ധേയമാണ്. ''ശാസ്ത്രിജിയുടെ മരണം ലോകത്തിലെ ജനങ്ങളുടെ സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടിയുള്ള ഉൽക്കടമായ ദാഹത്തിന്നു് കനത്ത ഒരു പ്രഹരമാണ്. ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാഷ്ട്രത്തിൻെറ നേതാവായ ശാസ്ത്രി പണ്ഡിററ്ജിയുടെ ശരിയായ പിൻഗാമിയായിരുന്നു. അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ ലോകംതന്നെ ചെറുതായി തോന്നുന്നു...........

# SOMERSET MAUGHAM*

**K. A. JALEEL**

SOMERSET Maugham passed away at the ripe age of ninety one, many years after he had with grace and satisfaction withdrawn from the literary scene. His literary career spans three generations, the Victorian, the Edwardian and the Georgian. He was master of three literary forms, the novel, the short story and the drama, in each holding an outstanding position in his generation. When he shot into fame as a novelist Queen Victoria was still alive and he held his own among his great contemporaries like Bernard Shaw, H. G. Wells, Arnold Bennet and John Galsworthy.

Since the publication of his first novel at the age of twenty three he wrote non-stop for sixty years—novels, short stories, plays, essays, literary criticism, travel accounts and memoirs.

He spent the first ten years of his childhood in Paris and the evening of his life too in France. He spoke French before he learnt English. He was an orphan at the age of ten and was brought up by his childless uncle. After his days at King's School, Canterbury and at the Heidelberg University, he walked the wards of St. Thomas' Hospital, to qualify himself for a medical career. Like Goldsmith and in his own time like Conan Doyle, he turned from medicine to the lure of letters. During the first World War he worked for the Red Cross. Later, during the war he worked for the British Intelligence Department. During the second World War he wrote passionately for Franco—British alliance. His pamphlets were sold in tens of thousands. He travelled extensively and especially in the Eastern countries. He was an omnivorous reader. Wherever he went, he says, he took with him as his inseparable companion a gunny bag containing picked books. His characters and actions are selected from his own experience and his observations. In the autobiographical piece "The Summing Up", he says: "I had an acute power of observation. It seemed to me I could see a great many things that other people missed. I could put down in clear terms what I saw. I had a logical sense...and a lively appreciation of the sound of words". Herein lies the secret of his success as prose writer. He hated lack of clarity. He aimed at lucidity, simplicity and euphony. When he settled down finally as a writer, his medical studies helped him greatly. Both as a novelist and

*A broadcast talk reproduced with kind permission of the A. I. R.

playwright, his naturalistic portrayal had almost clinical accuracy. He was as much a painter of souls as of landscapes. His French background and sympathies had naturally a great effect upon his style and work. The urbanity and lucidity of his prose and the graceful shape and naturalism of his novels are modelled more on the French than the English tradition. Thus, his wide experience, his medical studies, his French proclivites and his travels largely determine the content and style of his writings.

His self-revealing autobiographical pieces—"The Summing up" and "A Writer's Notebook" are an excellent preface to his works and a testament for all writers and readers.

His most successful short story is "The Rain," which he later turned into a play and it turned out to be a great film success.

His most popular novel probably is "Of Human Bondage." It is semi-autobiographical. He was acutely conscious of his stammer, an ironic infirmity in so articulate a man. In this novel, he transposes this affliction to the central character, who is made to suffer from a club-foot, but is endowed with a great many of his creator's talents.

He wrote "The Moon and Six Pence" after his visit to Tahiti. He had in mind the life of the great painter Paul Gaugin. The hero is a painter who after his vain struggle for success in Paris, sets out for Tahiti. Thereafter decorating with the most astonishing pictures the walls of his hut, which he shares with a Polynesian girl who adores him, he dies of leprosy. Obedient to his injunction, she destroys these pictures. His genius is recognized by the world of art too late, on the discovery of the canvasses tossed aside by him during his dismal years in Paris.

Of all his novels **"Cakes And Ale"** is the liveliest. Here we have the entrancing character of Rosie, a barmaid with a history and a heart of gold. Rosie had been married to a famous author, whose second wife later helped him to scale the dizzy heights of literary glory. It is believed that Thomas Hardy is represented in Edward Driffield of this novel.

